യൂണിറ്റ്

IX

# പ്രയുക്ത – വികസന നരവംശശാസ്ത്രം

E7N1F7

## പ്രധാന പഠനനേട്ടങ്ങൾ

ഈ യൂണിറ്റിലൂടെ പഠിതാവിന് :

- പ്രയോഗ നരവംശശാസ്ത്രത്തിന്റെ അർഥവും വ്യാപ്തിയും മനസ്സിലാക്കാനും അതിന് പ്രവർത്തന നരവംശശാസ്ത്രം, പങ്കാളിത്ത നരവംശശാസ്ത്രം, വികസന നരവംശശാസ്ത്രം എന്നിവയിൽനിന്നുള്ള വ്യത്യാസം തിരിച്ചറിയാനും കഴിയുന്നു.
- സമൂഹത്തിൽ മാറ്റമുണ്ടാക്കുന്നതിൽ പ്രവർത്തന നരവംശശാസ്ത്രത്തിന്റെ പങ്ക് വിലയിരുത്താനാവുന്നു.
- ആദിവാസിവികസനം, ക്ഷേമം എന്നിവയുടെ വ്യത്യസ്ത സമീപനങ്ങൾ വിലയിരുത്താനും ആദിവാസിവികസനം, ഗ്രാമവികസനം എന്നിവയിൽ നരവംശശാസ്ത്ര സമീപനത്തിന്റെ പങ്ക് പരിശോധിക്കാനും കഴിയുന്നു.
- ഇന്ത്യയിലെ ഗ്രാമവികസനപദ്ധതികൾ പരിശോധിക്കാനും സുസ്ഥിരവികസനം സുസ്ഥിര മാനവികവികസനം എന്നിവ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാനും കഴിയുന്നു.
- വിമർശനാത്മക വികസന നരവംശശാസ്ത്രത്തിന്റെ ഉദ്ഭവം വിവേചിച്ചറിയാനും പരമ്പരാഗത വികസനനരവംശശാസ്ത്രം, പങ്കാളിത്ത നരവംശശാസ്ത്രം എന്നിവ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാനും സാധിക്കുന്നു.

## ഉള്ളടക്കം

**പ്രയോഗ നരവംശശാസ്ത്രത്തിന്റെ ആശയവും നിർവചനവും**

- വികസന നരവംശശാസ്ത്രത്തിന്റെ ആശയവും നിർവചനവും
- വികസനകാര്യത്തിൽ നരവംശശാസ്ത്രത്തിന്റെ പങ്ക്.
- പ്രവർത്തന നരവംശശാസ്ത്രം

**ഗോത്രവർഗവികസനത്തിനും ക്ഷേമത്തിനുമായുള്ള സമീപനരീതികൾ**

- സാമൂഹികസേവന സമീപനം
- രാഷ്ട്രീയസമീപനം
- മതപരമായ സമീപനം
- നരവംശശാസ്ത്രസമീപനം
- ഗോത്രവർഗവികസനത്തിൽ നെഹ്റുവിന്റെ സമീപനം

**ഗ്രാമവികസനം ഇന്ത്യയിൽ**

- സുസ്ഥിരവികസനം
- സുസ്ഥിര മാനവികവികസനം
- മാനവവികസനസൂചിക
- ദാരിദ്ര്യവും അസമത്വവും
- പരമ്പരാഗതവും വിമർശനാത്മകവുമായ വികസന നരവംശശാസ്ത്രം

മനുഷ്യസംസ്കാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നരവംശശാസ്ത്ര അറിവുകൾ പ്രയോഗിക്കുന്നതിനെയാണ് പ്രയുക്ത നരവംശശാസ്ത്രം എന്ന് പറയുന്നതെന്ന് നിങ്ങൾ മുൻപ് പഠിച്ചിട്ടുണ്ട്. നരവംശശാസ്ത്രം ആ നിലയിൽ ഉപകാരപ്രദമാണോ? അതിനു പൊതുസഹായകമായ പങ്കുവഹിക്കാൻ കഴിയുന്നുണ്ടോ? ഇത് സമൂഹത്തിലും സാമൂഹിക പ്രശ്നങ്ങളിലും ഇടപെടുന്നുണ്ടോ? നരവംശശാസ്ത്രം തികച്ചും പ്രയോഗപരം തന്നെയാണ്. ഇത് സാമൂഹികപ്രശ്നങ്ങളിൽ ഇടപെടാൻ ഏറ്റവും യോജിച്ച പഠനമേഖലകളിൽ ഒന്നാണ്. പക്ഷെ മനുഷ്യന്റെ യഥാർഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ എങ്ങനെയാണ് നരവംശശാസ്ത്രം ഉപയോഗിക്കാൻ കഴിയുക? താഴെ കൊടുത്തിരിക്കുന്ന ഒരു നരവംശശാസ്ത്രജ്ഞന്റെ വിജയകഥ എങ്ങനെ ഇത് സാധ്യമാവും എന്നതിന് തെളിവാകുന്നു.

*ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്നുള്ള അഭയാർഥികൾക്ക് ആശ്രയ കേന്ദ്രമാണെന്റെ നഗരം. എന്റെ വീടിനടുത്തുള്ള ഒരു താമസകേന്ദ്രത്തിൽ നേപ്പാളിൽനിന്നു വന്ന എഴുപതോളം കുടുംബങ്ങൾ താമസിക്കുന്നുണ്ടായിരുന്നു. അമേരിക്കയിലെ അഭയാർഥിജീവിതത്തിന്റെ ചലനാത്മകത മനസ്സിലാക്കാനായി ഞാൻ നേപ്പാളികൾക്കിടയിൽ വർഷങ്ങളോളം പ്രവർത്തിച്ചിട്ടുണ്ട്. അഭയാർഥികളെ കുറിച്ചുള്ള എന്റെ ഗവേഷണത്തിനിടയിൽ എനിക്ക് മനസ്സിലായ കാര്യം അവരുടെ ജീവിതത്തിലെ ഏറ്റവും പ്രധാന പ്രശ്നം ഒരു തൊഴിൽ കണ്ടെത്തുക എന്നുള്ളതായിരുന്നു. അമേരിക്കയിൽ ഒരു ജോലി നേടുന്നതിന് അവർക്ക് ഇംഗ്ലീഷ് അറിയണമായിരുന്നു. ധാരാളം അഭയാർഥികൾ ഗവൺമെന്റിന്റെയും സ്വകാര്യ ഏജൻസികളുടെയും പലതരം ഇംഗ്ലീഷ് സംസാരപഠന ക്ലാസുകളിൽ ചേർന്നിട്ടുണ്ടായിരുന്നു. അവരുടെ ഇംഗ്ലീഷ് പരിജ്ഞാനം വർധിച്ചെങ്കിലും അഭയാർഥികളെന്ന നിലയിൽ അവർക്ക് ജോലി സമ്പാദിക്കുന്നതിൽ പിന്നെയും പല തടസ്സങ്ങളുമുണ്ടായിരുന്നു.*

*ഇവിടെയാണ് പ്രയുക്ത നരവംശശാസ്ത്രം പ്രസക്തമാവുന്നത്. 'ഈ അഭയാർഥികൾക്ക് ജോലി നേടുന്നതിനുള്ള പ്രധാന പ്രശ്നങ്ങളെന്തൊക്കെ 'ഞാൻ ചോദിച്ചു. അഭിമുഖം, നിരീക്ഷണം തുടങ്ങിയ രീതികളിലൂടെ ഞാൻ എന്റെ വംശീയപഠന ഗവേഷണം നടത്തുന്നതായതിനാൽ, ഈ അഭയാർഥികൾക്ക് അമേരിക്കയിൽ ജോലി നേടുന്നതിൽ നേരിട്ട് തടസ്സമാവുന്ന ധാരാളം സാംസ്കാരികഘടകങ്ങൾ എനിക്ക് കണ്ടെത്താൻ കഴിഞ്ഞു.*

*ആദ്യമായി, നേപ്പാളികൾ വരുന്നത് കൂട്ടായ സംസ്കാരം നിലനിൽക്കുന്നിടത്തു നിന്നാണ്. ഞാൻ ഇടപെട്ട അഭയാർഥികൾ ആരും തന്നെ അമേരിക്കയിൽ വ്യക്തികളെന്നനിലയിൽ സ്വന്തം വരുമാനം കണ്ടെത്തുന്നതിൽ തൽപ്പരരായിരുന്നില്ല.*

*അവർ പരോക്ഷമായി ആശയവിനിമയം ചെയ്യുന്നവരാണ്. അതെ, അല്ല എന്നീ ലളിത ഉത്തരങ്ങൾ അവർക്ക് അരോചകമായി കാണപ്പെട്ടു.*

*അവസാനമായി മിക്കവാറും അഭയാർഥികൾ പതിഞ്ഞ സംസാരക്കാരും ഒതുങ്ങി ജീവിക്കുന്നവരുമായിരുന്നു. ഉച്ചത്തിൽ സംസാരിക്കുന്നത് അവരുടെ ഇടയിൽ അപമര്യാദയുടെയും അക്രമാസക്തസ്വഭാവത്തിന്റെയും സൂചനയായി കണക്കാക്കപ്പെട്ടു. കണ്ണുകൾ തമ്മിലുള്ള ബന്ധം നേപ്പാളിസംസ്കാരത്തിൽ ആശയവിനിമയത്തിൽ പ്രധാനപ്പെട്ടവയായിരുന്നില്ല. യഥാർഥത്തിൽ അവർ നല്ല ശ്രദ്ധാലുക്കളും ലയിച്ച് സംസാരിക്കുന്നവരുമായിരുന്നു.*

കൂട്ടായ്മ, പരോക്ഷ ആശയവിനിമയം, ഒതുങ്ങിയ പ്രകൃതം എന്നീ മൂന്ന് സാംസ്കാരിക ഘടകങ്ങൾ നേപ്പാളിൽ വലിയരീതിയിൽ വിലമതിക്കപ്പെട്ടിരുന്നു. ഈ മൂന്ന് ഘടകങ്ങളും അമേരിക്കയിൽ പോരായ്മകളായിരുന്നു. മാത്രമല്ല, ഇത് സംശയത്തോടെയും വീക്ഷിക്കപ്പെട്ടു. അതിനാൽ നേപ്പാളികൾക്ക് തങ്ങൾ ജോലിക്ക് അനുയോജ്യരാണ് എന്ന് തൊഴിൽദാതാക്കളെ ബോധ്യപ്പെടുത്താൻ സാധിക്കാതെവന്നു.

വ്യക്തിവിവരണരേഖ (Resume) തയാറാക്കാൻ പരിശീലിപ്പിക്കുന്നതിനും ഈ മൂന്ന് സാംസ്കാരികപ്രവണതകളെയും അഭിസംബോധനചെയ്യാൻ പറ്റുംവിധം അഭിമുഖ ശില്പശാല നടത്തുന്നതിനും ഞാൻ നരവംശശാസ്ത്ര ഗവേഷണത്തിലൂടെ നേടിയ അറിവുകൾ ഉപയോഗിച്ചു. തങ്ങളെ വിപണനം ചെയ്യാൻ കഴിയുംവിധം തൊഴിൽ അഭിമുഖങ്ങളിൽ പങ്കെടുക്കാനും വ്യക്തിവിവരണരേഖ തയാറാക്കാനും അഭയാർഥികൾക്ക് കഴിവുണ്ടായിരുന്നില്ല. അഭയാർഥികൾക്ക് അവരുടെ കഴിവുകളെക്കുറിച്ച് സംസാരിക്കാനും അവരുടെ പ്രത്യേകമായ സംഭാവനകൾ എങ്ങിനെ തൊഴിൽദാതാവിന് ഗുണം ചെയ്യും എന്നും ബോധ്യപ്പെടുത്താനും ശില്പശാല യിൽ ഞങ്ങൾ പരിശീലിപ്പിച്ചു. കൂടുതൽ ദൃഢമായും നേരിട്ടും സംസാരിക്കുന്നതിനവരെ പരിശീലിപ്പിച്ചു. നേരിട്ടും വ്യക്തമായും വേഗത്തിലും ഉത്തരം പറയുന്നതിനവരെ പരിശീലിപ്പിച്ചു. മറ്റുള്ളവരുമായി വിയോജിക്കുന്നതിൽ തെറ്റില്ലെന്നും വിയോജിപ്പിന്റെ കാര്യം പിന്നീട് ബോധ്യപ്പെടുത്തിയാൽ മതിയെന്നും അവരെ മനസ്സിലാക്കി. അവസാനമായി ശില്പശാലയിൽ പങ്കെടുത്ത് ഓരോരുത്തർക്കും വ്യക്തിവിവരണ രേഖയുടെ ഒരു കൂട്ടം മാതൃകകൾ അച്ചടിച്ചുനൽകി. ആദ്യത്തെ അഭയാർഥിക്ക് ഇരുപത് വ്യക്തിവിവരണ രേഖകളോടൊപ്പം നല്ല ജോലി ലഭിക്കാനുള്ള ആശംസകൾ അഭിമാനത്തോടെയാണ് ഞങ്ങൾ നൽകിയത്. എന്നാൽ പിന്നീട് എന്തു സംഭവിക്കും എന്നതിനെക്കുറിച്ച് ഞങ്ങൾക്ക് ഭയമുണ്ടായിരുന്നു. അദ്ദേഹം തന്റെ വിലയേറിയ വ്യക്തിവിവരണരേഖ എടുത്ത് കീശയിൽ കൊള്ളാൻ പാകത്തിൽ ചുരുട്ടിമടക്കിവച്ചു. നിങ്ങളുടെ വ്യക്തിവിവരണരേഖ എത്രമാത്രം കട്ടിയുള്ളതായിരിക്കണം, അത് തൊഴിൽ ദാതാവിന് നൽകുമ്പോൾ ഏത് നിലയിലായിരിക്കണം എന്നീ കാര്യങ്ങൾക്ക് ഞങ്ങൾ അമേരിക്കയിൽ എത്രമാത്രം വിലകല്പിക്കുന്നു എന്ന് അദ്ദേഹം എങ്ങനെ മനസ്സിലാക്കാനാണ്? മറ്റൊരു പാഠം കൂടി പഠിച്ചു. ഞങ്ങൾ വീണ്ടും അച്ചടിക്കാരന്റെയടുത്തേക്കുതന്നെ പോയി.

എങ്ങനെയാണ് നരവംശശാസ്ത്രത്തിന്റെ അടിസ്ഥാനകാര്യങ്ങൾ യാഥാർഥ ജീവിതപ്രശ്നത്തിൽ പ്രയോഗിക്കാൻ കഴിയുക എന്ന് ഈ കഥ ബോധ്യപ്പെടുത്തി ത്തരുന്നു. അതാണ് നരവംശശാസ്ത്രം ചെയ്യുന്നത്. ചെറിയൊരു ഇടപെടലും ഗവേഷണവും ഞാൻ അഭിസംബോധനചെയ്യേണ്ട സാംസ്കാരിക ഘടകങ്ങൾ എനിക്ക് കാണിച്ചുതന്നു. അതാണ് പ്രയോഗതലത്തിലുള്ള നരവംശശാസ്ത്രം.

*(എടുത്തത്. https: culterenicity.wordpress.com/2012/o8/02 anthropology for the real word Anthony)*

ഇനി നമുക്ക് പ്രയുക്തനരവംശശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങളും അതിന്റെ വിവിധ ഉപമേഖലകളും പരിശോധിക്കാം.

## പ്രയുക്ത നരവംശശാസ്ത്രത്തിന്റെ ആശയവും നിർവചനവും (Concept and Definition of Applied Anthropology)

സാമൂഹിക പ്രശ്നങ്ങൾ മനസ്സിലാക്കാനും തിരിച്ചറിയാനും നരവംശശാസ്ത്രത്തിന്റെ കാഴ്ചപ്പാടുകൾ, സിദ്ധാന്തങ്ങൾ, രീതികൾ, ദത്തങ്ങൾ എന്നിവ പ്രയോഗിക്കുന്നതാണ് പ്രയുക്ത നരവംശശാസ്ത്രം. ഇത് പ്രശ്നപരിഹാരത്തിനുള്ള മാർഗങ്ങളും കാണിച്ചുതരുന്നു. ജൈവനരവംശശാസ്ത്രം, പുരാവസ്തുനരവംശശാസ്ത്രം, ഭാഷാനരവംശശാസ്ത്രം, സാംസ്കാരികനരവംശശാസ്ത്രം എന്നീ നാല് മേഖലകളിലും പ്രയുക്തനരവംശശാസ്ത്രജ്ഞർക്ക് പ്രാതിനിധ്യമുണ്ട്. ഇവർ ഗവൺമെന്റിതര സംഘടനകൾ, വംശീയസംഘടനകൾ, വ്യാപാരസംഘടനകൾ എന്നിവയ്ക്കു വേണ്ടിയെല്ലാം പ്രവർത്തിക്കുന്നു. മനുഷ്യരുടെ സാമൂഹികാവസ്ഥ മെച്ചപ്പെടുത്താൻ ശ്രമിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്ന കൂട്ടായ്മകൾക്ക് വേണ്ടിയും ഇവർ ജോലിചെയ്യുന്നു.

1875 മുതൽ തന്നെ ഡി.ജി. ബ്രിന്റൺ തന്റെ പ്രഭാഷണങ്ങളിൽ പ്രയുക്ത നരവംശശാസ്ത്രം എന്ന പദം ഉപയോഗിച്ചതായി പറയപ്പെടുന്നു. എന്നാൽ പ്രയുക്ത നരവംശശാസ്ത്രം എന്ന വാക്ക് 1860 ൽത്തന്നെ 'ആന്ത്രോപോളജിക്കൽ സൊസൈറ്റി ഓഫ് ലണ്ടൻ' സ്ഥാപകനായ ജയിൻസ് ഹണ്ട് ഉപയോഗിച്ചതായി കണക്കാക്കപ്പെടുന്നു. എന്നാൽ ഇത് ജനകീയമായത് 1920 ന്റെ അവസാനകാലഘട്ടത്തിലും 1930 ന്റെ മധ്യത്തോടെയുമാണ്. നരവംശശാസ്ത്രം തീർച്ചയായും ഒരു പ്രയോഗ ശാസ്ത്രമാവണമെന്ന് മലിനോവ്സ്കി (1938) ശക്തമായി വാദിച്ചു. പ്രയോഗ നരവംശശാസ്ത്രത്തിന്റെ വ്യത്യസ്ത ചിത്രം ലഭിക്കാനായി അതിന്റെ ചില നിർവചനങ്ങൾ പരിചയപ്പെടാം.

- എലിയറ്റ് ഡി. ചാപ്പലിന്റെ അഭിപ്രായത്തിൽ മനുഷ്യബന്ധങ്ങളിലുള്ള മാറ്റത്തെയും അവയെ നിയന്ത്രിക്കുന്ന ഘടകങ്ങളുടെ ഒറ്റപ്പെടലിനെയും വിശദമാക്കുന്നതുമായി ബന്ധപ്പെട്ട നരവംശശാസ്ത്രത്തിന്റെ മേഖലയാണ് പ്രയുക്തനരവംശശാസ്ത്രം.
- ഡാരിൽ ഫോർഡ് (1953) നിരീക്ഷിച്ചത് പ്രയുക്തനരവംശശാസ്ത്രം അതിന്റെ കൃത്യമായ അർഥത്തിൽ വിശദമാക്കുന്നത് ഗവൺമെന്റ് നയങ്ങൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോഴുള്ള നരവംശശാസ്ത്രത്തിന്റെ യഥാർഥ പ്രയോഗം എന്നാണ്.

ആ നിലയ്ക്ക് പ്രായോഗികപ്രശ്നങ്ങളുടെ വിശകലനത്തിലും പരിഹാരത്തിലും നരവംശശാസ്ത്രത്തിന്റെ രീതികളുടെയും സിദ്ധാന്തങ്ങളുടെയും പ്രയോഗം എന്ന് പ്രയുക്തനരവംശശാസ്ത്രത്തെ വിവക്ഷിക്കാം. സമൂഹത്തിന്റെ വികാസത്തിലും സാമൂഹികപ്രശ്നത്തിന്റെ മേഖലകളിലുമുള്ള നരവംശശാസ്ത്രസങ്കേതങ്ങളുടെ പ്രായോഗിക ഉപയോഗമാണ് ഇത്.

"നരവംശശാസ്ത്രത്തിന്റെ അറിവ് നമ്മുടെ നാഗരികതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കൂടുതൽ സ്വതന്ത്രമായി നോക്കിക്കാണാൻ സഹായകമാകുന്നു"- ഫ്രാൻസ് ബോസ്: ജർമ്മൻ-അമേരിക്കൻ നരവംശശാസ്ത്രജ്ഞനും ആധുനിക നരവംശശാസ്ത്രത്തിന്റെ ആദ്യകാല ചിന്തകനും.



ചിത്രം 9.1 നരവംശശാസ്ത്രത്തിന്റെ ശാഖകൾ

നരവംശശാസ്ത്രത്തിന്റെ നാലു മേഖലകളിലും പ്രായോഗിക ഉപയോഗത്തിന്റെ സാധ്യതകൾ കാണാൻ കഴിയും. പൊതുജനാരോഗ്യം, പോഷണം, ജനിതക കൗൺസലിങ്, ലഹരിമരുന്നിന്റെ ദുരുപയോഗം, സാംക്രമികരോഗശാസ്ത്രം, വാർധക്യപഠനം, മാനസികാരോഗ്യം, ഫോറൻസിക് പരിശോധന തുടങ്ങിയ മേഖലകളിൽ ജൈവനരവംശശാസ്ത്രജ്ഞർ പ്രവർത്തിക്കുന്നു. വികസനത്തിന്റെ ഭീഷണി നേരിടുന്ന പുരാവസ്തു പ്രദേശങ്ങളും ചരിത്രപ്രദേശങ്ങളും കണ്ടെത്തുകയും പഠിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് പുരാവസ്തു നരവംശശാസ്ത്രജ്ഞരാണ്. സാമൂഹികപ്രവർത്തകർ, കച്ചവടക്കാർ, പരസ്യമേഖലയിൽ പ്രവർത്തിക്കുന്നവർ, വ്യവസായത്തൊഴിലാളികൾ, വൈദ്യമേഖലയിലുള്ളവർ, വിദ്യാലയ പ്രവർത്തകർ, സാമ്പത്തികവികസന വിദഗ്ധർ തുടങ്ങിയവരോടൊപ്പം സാംസ്കാരിക നരവംശശാസ്ത്രജ്ഞർ പ്രവർത്തിക്കുന്നു. ജാതി അധിഷ്ഠിത സമൂഹങ്ങളിലെയും പിതൃകേന്ദ്രിത സമൂഹങ്ങളിലെയും കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സാംസ്കാരിക നരവംശശാസ്ത്രജ്ഞർക്ക് കാര്യമായ പങ്കുവഹിക്കാനുണ്ട്. അന്യം നിന്നുപോകുന്ന ഭാഷകളുടെ സംരക്ഷണം, മാധ്യമ-ആശയവിനിമയ പഠനം, സംസ്കാരത്തിന്റെയും ഭാഷകളുടെയും സാന്ദർഭികവിശകലനം എന്നിവയിലെല്ലാം ഭാഷാനരവംശ ശാസ്ത്രത്തിന്റെ പ്രയോഗം കാണാൻ കഴിയും.

വിവിധ വികസനപദ്ധതികളിൽ വിദഗ്ധോപദേശകരായി പരിഗണിക്കുന്ന തരത്തിൽ നരവംശശാസ്ത്രജ്ഞരുടെ സ്ഥാനം ഉയർന്നിട്ടുണ്ട്. അത്തരത്തിൽ നരവംശ ശാസ്ത്രത്തിന്റെ അറിവ് ഉപയോഗിക്കുന്നതിനൊപ്പം, വികസനപ്രവർത്തനങ്ങൾ നടത്തുന്നതിലും അതിന്റെ ആശയങ്ങളും രീതികളും വളരെയധികം ഉപയോഗിക്കപ്പെടുന്നു. നരവംശശാസ്ത്രത്തിന്റെ ഈ മേഖല വികസനനരവംശശാസ്ത്രം എന്നറിയപ്പെടുന്നു. വംശീയജനതയുടെ വികസനപദ്ധതികൾ നടപ്പിലാക്കുമ്പോൾ പ്രാദേശിക സംസ്കാരത്തെക്കുറിച്ചുള്ള അറിവുണ്ടാകേണ്ടതിന്റെ പ്രാധാന്യം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? നല്ല ലക്ഷ്യത്തോടെ ആരംഭിക്കുന്ന പല വികസനപദ്ധതികളും പരാജയപ്പെടുന്നതെന്തുകൊണ്ടാണ്? പ്രയുക്തനരവംശശാസ്ത്രത്തിന്റെയും വികസന നരവംശശാസ്ത്രത്തിന്റെയും അറിവിന്റെ വെളിച്ചത്തിൽ ഈ പ്രശ്നം ചർച്ചചെയ്യുക.

## വികസനനരവംശശാസ്ത്രം : ആശയവും നിർവചനവും
## (Concept and Definition of Development Anthropology)

വികസനകാര്യത്തിൽ നരവംശശാസ്ത്രപഠനങ്ങൾ മൗലികമായ പങ്ക് വഹിക്കുന്നുണ്ട്. വികസനത്തിന്റെ ഭാഗമായി ഏതെങ്കിലും സമുദായങ്ങൾക്കിടയിൽ ഇടപെടൽ നടത്തുന്നതിന്മുൻപ് അവരുടെ പശ്ചാത്തലം, വംശീയസാഹചര്യം, സാംസ്കാരിക നിയമങ്ങൾ, പെരുമാറ്റരീതികൾ, മനസറിതി, വിശ്വാസങ്ങൾ, ആചാരങ്ങൾ എന്നിവയെല്ലാം പഠനവിധേയമാക്കേണ്ടതുണ്ട്. സാമൂഹികവികസന പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പുമായി ബന്ധപ്പെട്ടതാണ് വികസനനരവംശശാസ്ത്രം എന്ന പദം. സാമ്പത്തികവികസനത്തിലെ സാംസ്കാരികതലത്തിലുള്ള സാമൂഹികപ്രശ്നങ്ങളി ലാണ് നരവംശശാസ്ത്രത്തിന്റെ ഈ ശാഖ കേന്ദ്രീകരിക്കുന്നത്. ഇക്കാര്യത്തിൽ ഒരു വികസനപദ്ധതി നിർദേശിക്കപ്പെടുമ്പോൾ, ഒരു നരവംശശാസ്ത്രജ്ഞൻ ബന്ധപ്പെട്ട വിഭാ ഗത്തിന്റെ സാമൂഹിക-സാംസ്കാരിക സാഹചര്യം വിശദമായി പഠിക്കുകയും പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനുള്ള നിർദേശം സമർപ്പിക്കുകയും ചെയ്യുന്നു.

ജനങ്ങളെയും അവരുടെ സംസ്കാരത്തെയും കുറിച്ചുള്ള ശരിയായ ധാരണയില്ലാത്തതിന്റെ പേരിൽ പരാജയപ്പെട്ടുപോയ പ്രാദേശികമായ വികസന പദ്ധതികൾ കണ്ടെത്തി ചർച്ചചെയ്യുക.

പ്രയുക്തനരവംശശാസ്ത്രജ്ഞർ പഠിക്കുന്ന മേഖലകളാണ്

- ചെറുകിട പദ്ധതികളുടെ അനന്തരഫലങ്ങൾ, വൻകിട വികസനപദ്ധതികളുടെ ഫലമായുണ്ടാകുന്ന സാമൂഹിക-സാംസ്കാരിക മാറ്റം എന്നിവയുടെ വിലയിരുത്തൽ
- പ്രത്യേകമായി പ്രശ്നകരമായ ബന്ധങ്ങൾ, ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിന്റെ പ്രശ്നങ്ങൾ, പ്രാദേശികജനതയ്ക്ക് ദോഷകരമാവുന്ന സാമൂഹികവ്യവസ്ഥകൾ വിലയിരുത്തൽ
- ദേശീയവും സാർവദേശീയവുമായ സ്വാധീനമുള്ള പ്രശ്നങ്ങളിൽ പൊതുശ്രദ്ധ കൊണ്ടുവരുകയും വിമർശനാത്മക വിലയിരുത്തൽ നടത്തുകയും ചെയ്യുക.

## വികസന പ്രക്രിയയിൽ നരവംശശാസ്ത്രത്തിന്റെ പങ്ക്
## (Role of Anthropology in the feild of Development)

കോളനിഭരണകാലം മുതൽ നരവംശശാസ്ത്രജ്ഞർ എല്ലായിടങ്ങളിലും പ്രായോഗിക പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നു. അവരുടെ ഗവേഷണ കണ്ടുപിടിത്തങ്ങൾ പ്രാദേശിക ആചാരങ്ങൾ, പ്രശ്നപരിഹാരം, ഭൂമിയുടെ അവകാശം തുടങ്ങിയ മേഖലകളിലെ നയരൂപീകരണത്തിന് ഗുണപ്രദമായിട്ടുണ്ട്. വികസനത്തിന്റെ കാലത്ത് വികസന സമിതികളിൽ ഉപദേശകരായി നരവംശശാസ്ത്രജ്ഞർക്ക് അവസരം ലഭിച്ചു. അവർ സാംസ്കാരിക ഇടനിലക്കാരായും പരിഭാഷകരായുമെല്ലാം പ്രവർത്തിക്കുന്നു. മാത്രമല്ല, ഈ കാര്യങ്ങളിൽ സാമൂഹികമാറ്റത്തിന്റെ സാമൂഹിക-സാംസ്കാരിക പ്രസക്തിക്കും അവർ ഊന്നൽ കൊടുക്കുന്നു. ഇത് അന്ന് നിലവിലുണ്ടായിരുന്ന സാമ്പത്തികസമീപനത്തിന്റെ വികസന ചിന്തയ്ക്ക് എതിരായിരുന്നു. വികസനത്തിലെ

പങ്കാളിത്തസമീപനം രൂപപ്പെട്ടുവന്നത് നരവംശശാസ്ത്രസമീപനത്തെയും രീതികളെയും ആശ്രയിച്ചാണ്.

വികസനസംരംഭങ്ങളിൽ നിലനിന്ന പാശ്ചാത്യപക്ഷപാതിത്വം മാറ്റുന്നതിനും പ്രാദേശിക വംശീയ അറിവ് ഉയർത്തിക്കാട്ടുന്നതിനും പ്രയുക്തനരവംശശാസ്ത്രജ്ഞർ പരിശ്രമിക്കുകയുണ്ടായി. സമുദായങ്ങളും പുറത്തുള്ളവരും തമ്മിലുള്ള പ്രശ്നങ്ങളിൽ ഇടനിലക്കാരാകുക, മാധ്യമങ്ങളിലൂടെയും മറ്റും പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുക, വിഷമഘട്ടങ്ങളിൽ നേരിട്ടുള്ള സഹായമെത്തിക്കുക, വികസനസംരംഭങ്ങൾക്ക് ഉപദേശകരാകുക തുടങ്ങിയ വിവിധ പങ്കുകൾ വഹിക്കുന്നവരാണ് പ്രയുക്ത നരവംശശാസ്ത്രജ്ഞർ. പൊതുജനാരോഗ്യം, വൈദ്യചികിത്സാരംഗം, മാനസികരോഗ ചികിത്സ തുടങ്ങിയ മേഖലകളിലെ പ്രായോഗികപ്രശ്നങ്ങൾ തരണം ചെയ്യുക എന്നതും പ്രയുക്തനരവംശശാസ്ത്രത്തിന്റെ മറ്റൊരു മേഖലയാണ്. ആരോഗ്യസംരക്ഷണ മേഖലയ്ക്ക് ഇന്ന് വലിയ പ്രാധാന്യമുണ്ടായിട്ടുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികളിലും ആസൂത്രണം, പൊതുഭരണം എന്നീ മേഖലകളിലും സാംസ്കാരിക നരവംശശാസ്ത്രജ്ഞരുടെ പങ്ക് കാര്യമായി തിരിച്ചറിയപ്പെട്ടിട്ടുണ്ട്.

സാമൂഹിക വികസനവുമായി ബന്ധപ്പെട്ട വ്യത്യസ്ത പ്രോജക്ടുകളിൽ പ്രയുക്തനരവംശശാസ്ത്രജ്ഞർ പങ്കെടുക്കാറുണ്ട്. പ്രയുക്തനരവംശശാസ്ത്രജ്ഞരുടെ കൂടിയാലോചനാരീതിയിലുള്ള പ്രവർത്തനങ്ങൾ സാമൂഹിക വികസനപദ്ധതികളിൽ കാര്യമായി വർധിച്ചിട്ടുണ്ട്. സൂക്ഷ്മസാമ്പത്തിക പ്രവർത്തനങ്ങൾ, സാമൂഹിക വനവൽക്കരണം, ചേരിനിർമ്മാർജനം, പങ്കാളിത്തസങ്കേതങ്ങളുടെ നിരീക്ഷണം, വിലയിരുത്തൽ, പരിശീലനം തുടങ്ങി നിരവധി മേഖലകൾ ഇത് ഉൾക്കൊള്ളുന്നു. പരിസ്ഥിതി ആഘാത വികസനപദ്ധതികൾ, മനുഷ്യപുനരധിവാസ പദ്ധതികൾ എന്നിവയിലെല്ലാമുള്ള നരവംശശാസ്ത്രജ്ഞരുടെ പങ്ക് കാര്യമായി തിരിച്ചറിയപ്പെട്ടിട്ടുണ്ട്.



ചെറിയതോതിലുള്ള പ്രവർത്തനങ്ങൾ വലിയ തോതിലുള്ള പ്രഘോഷണങ്ങളെക്കാൾ വിലയേറിയതാണ്.
-മോഹൻദാസ് കരംചന്ദ് ഗാന്ധി-

ചിത്രം 9.2 മഹാത്മാഗാന്ധി

ചുരുക്കത്തിൽ, എവിടെയൊക്കെ സാമൂഹിക-സാംസ്കാരിക ഘടകങ്ങൾ ഉൾക്കൊള്ളുന്ന മനുഷ്യ ഇടപെടലുണ്ടോ, അവിടെയൊക്കെ നരവംശശാസ്ത്രത്തിന്റെ അറിവും സാധ്യതകളും പ്രയോഗിക്കേണ്ടതിന്റെ ആവശ്യകത അനിവാര്യമാണ്.

ഒരു നരവംശശാസ്ത്രജ്ഞൻ സ്ഥിരമായി സമൂഹവുമായി സമ്പർക്കത്തിലാണ്. അതുകൊണ്ടുതന്നെ അദ്ദേഹം ഒരു സാമൂഹികപ്രവർത്തകന്റെ പങ്കു വഹിക്കുമെന്നും പ്രതീക്ഷിക്കപ്പെടുന്നു. വ്യത്യസ്ത സാമൂഹികകൂട്ടങ്ങളുടെ സാമൂഹിക-സാംസ്കാരിക സാഹചര്യം, അതിനെക്കുറിച്ച് നല്ല ധാരണയുള്ള ഒരു വിദഗ്ധന്റെ ഇടപെടൽ ആവശ്യപ്പെടുന്നുണ്ട്. അതിനാൽ നരവംശശാസ്ത്രജ്ഞർ ഒരു സാമൂഹികപ്രവർത്തകനായി മാറുന്നു. ഈ ആശയം പ്രവർത്തന നരവംശശാസ്ത്രം എന്നറിയപ്പെടുന്നു.

## പ്രവർത്തനനരവംശശാസ്ത്രം (Action Anthropology)

1950 ൽ സോൾ ടാക്സ് ആണ് ഈ ആശയം വികസിപ്പിച്ചത്. ഇതുപ്രകാരം പ്രവർ

ത്തനനരവംശശാസ്ത്രജ്ഞർ സാമൂഹികമാറ്റത്തിനായി നേരിട്ട് പ്രവർത്തനങ്ങളിൽ ഇടപെടുന്നു. അങ്ങനെ താരതമ്യേന നിഷ്ക്രിയമായ പാരമ്പര്യനരവംശശാസ്ത്രത്തിന്റെ രീതി മാറി പ്രവർത്തനതലത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇവിടെ പ്രവർത്തനനരവംശശാസ്ത്രജ്ഞർ, സാമൂഹിക സാഹചര്യങ്ങളിൽ അവർ എന്താണ് കണ്ടെത്തിയത്, അതിനെന്താണവർ അർഥമാക്കുന്നത് എന്നിവ ജനങ്ങളോട് വിശദീകരിക്കുകയും ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി അവരോടൊപ്പം പങ്കെടുക്കുകയും ചെയ്യുന്നു.



ചിത്രം 9.3
സോൾ ടാക്സ്

നമ്മുടെ സംസ്ഥാനത്ത് നരവംശശാസ്ത്ര ഇടപെടൽ ഉണ്ടാവേണ്ട മേഖലകൾ കണ്ടെത്തുക.

ദീർഘകാലം നരവംശശാസ്ത്രം ലളിതമായ സാക്ഷര പൂർവ്വസമൂഹങ്ങളുടെ പഠനങ്ങൾക്കാണ് പ്രഥമപരിഗണന നൽകിയിരുന്നത്. നരവംശശാസ്ത്രം കോളനിവൽക്കരണത്തിന്റെ ശിശുവായി കണക്കാക്കപ്പെട്ട കാലം മുതൽതന്നെ ഒറ്റപ്പെട്ടുകിടക്കുന്ന വിദൂര ദിക്കുകളിലുള്ള ഗോത്രവിഭാഗങ്ങളുടെ സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിലുള്ള അതിന്റെ പങ്ക് മനസ്സിലാക്കിയിരുന്നു. ആദിവാസി വികസനത്തിനായി വ്യത്യസ്ത സമിതികൾ ഇടപെടൽ നടത്തിയിരുന്നുവെങ്കിലും ഇതിനോടുള്ള നരവംശശാസ്ത്രസമീപനം വളരെ വ്യത്യസ്തമായിരുന്നു.

ആദിവാസിസംസ്കാരത്തോടും വികസനത്തോടുമുള്ള വ്യത്യസ്ത സമീപനങ്ങൾ നമുക്ക് ചർച്ചചെയ്യാം.

### ഗോത്രവർഗവികസനത്തിനും ക്ഷേമത്തിനുമായുള്ള സമീപനരീതികൾ (Approaches to Tribal Development and Welfare)

ഗോത്രവർഗപ്രശ്നങ്ങളോടുള്ള സമീപനം ആദ്യകാലങ്ങളിൽ വെറും രാഷ്ട്രീയകാര്യമായി മാത്രമാണ് കണക്കാക്കിയിരുന്നത്. എന്നാൽ കാലക്രമത്തിൽ ഗോത്രവർഗപ്രശ്നങ്ങളുമായും വികസനവുമായും ബന്ധപ്പെട്ട് നാല് പ്രധാന സമീപനങ്ങൾ രൂപപ്പെട്ടു. സാമൂഹികസേവനസമീപനം, രാഷ്ട്രീയസമീപനം, മതപരമായ സമീപനം, നരവംശശാസ്ത്രസമീപനം എന്നിവയാണവ. പരിശോധിക്കാം.

### 1. സാമൂഹികസേവന സമീപനം (Social Service Approach)

ചില സന്നദ്ധസംഘടനകളും സാമൂഹികപ്രവർത്തകരും മറ്റ് അഭ്യുദയകാംക്ഷികളും ആദിവാസിമേഖലകളിൽ മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഉദാഹരണമായി, അവർ വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം എന്നീ മേഖലകളിൽ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനൊപ്പം ദാരിദ്ര്യനിർമ്മാർജനപ്രവർത്തനങ്ങളും നടത്തുകയും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. ഇത്തരം മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾ സാമൂഹികസേവനസമീപനം എന്നറിയപ്പെടുന്നു. ആ സമീപനത്തിന്റെ പ്രധാന ഉപജ്ഞാതാവ് ഗാന്ധിജിയുടെ സഹചാരി

യായിരുന്ന എ.വി. താക്കർ ആണ്. അദ്ദേഹം വെരിയർ എൽവിൻ മുന്നോട്ടുവച്ച ഒറ്റപ്പെടുത്തൽനയം (Isolation) ആദിവാസിവികസനത്തിന് അനുയോജ്യമല്ല എന്ന വിമർശനമുന്നയിച്ചു. മാത്രമല്ല, അത് ദേശീയ ഐക്യത്തിന് തടസ്സമാകുമെന്നും അദ്ദേഹം കരുതി. ആദിവാസികളെ ഒറ്റപ്പെടുത്തുന്നതിനുപകരം മുഖ്യധാരാസമൂഹങ്ങളുമായി യോജിപ്പിക്കണമെന്ന് (Assimilation) അദ്ദേഹം വാദിച്ചു. ഈ കാഴ്ചപ്പാട് പ്രകാരം, വികസിത ജനതയുമായി സമ്പർക്കത്തിൽ വരുന്നതോടെ ആദിവാസികൾ അവരുടെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ പിന്നാക്കാവസ്ഥ തിരിച്ചറിയും. അവർ സ്വയം മനസ്സിലാക്കാത്തിട ത്തോളം കാലം അവർക്ക് എന്തെങ്കിലും പുരോഗതിവരുത്താൻ കഴിയില്ല.

പക്ഷേ, ഈ സമീപനത്തെ പലരും വിമർശിച്ചു. അവരുടെ അഭിപ്രായത്തിൽ ഈ സമീപനം ആദിവാസിസ്വത്വം നഷ്ടപ്പെടാൻ ഇടയാക്കും. കൂടാതെ സാമൂഹികസേവന സമീപനം ആദിവാസിപ്രശ്നങ്ങൾക്ക് മുൻകൂട്ടി തയാറാക്കിയ പരിഹാരനിർദേശങ്ങളാണ് നൽകുന്നത്. വിവിധ ആദിവാസിവിഭാഗങ്ങൾ വ്യത്യസ്ത സാമൂഹിക-സാംസ്കാരിക, സാമ്പത്തിക സാഹചര്യങ്ങളിലാണ് ജീവിക്കുന്നത്. അത് വ്യത്യസ്ത രീതിയിൽ തന്നെ പരിഗണിക്കപ്പെടേണ്ടതാണ്. മാത്രമല്ല, സാമൂഹിക-സേവന ഏജൻസികൾക്ക് ഗോത്ര സാഹചര്യങ്ങൾ, അവരുടെ മൂല്യബോധം, പ്രശ്നങ്ങൾ തുടങ്ങിയവയെക്കുറിച്ച് വേണ്ടത്ര ധാരണയുമില്ല.

### 2. രാഷ്ട്രീയസമീപനം (Political Approach)

ആദിവാസിക്ഷേമത്തിന്റെ നയപരമായും ഭരണപരമായുമുള്ള പ്രവർത്തനങ്ങളാണ് രാഷ്ട്രീയസമീപനത്തിലുൾപ്പെടുന്നത്. ഈ സമീപനം ബ്രിട്ടീഷ് കാലഘട്ടത്തിലും സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിലും വ്യത്യസ്തമായിരുന്നു. ബ്രിട്ടീഷ്കാലഘട്ടത്തിൽ ഗോത്രമേഖലകളെ ഒഴിവാക്കപ്പെട്ടത് (Excluded), ഭാഗികമായി ഒഴിവാക്കപ്പെട്ടത് (Partially excluded) എന്നിങ്ങനെ തിരിച്ചിരുന്നു. ഈ മേഖലകൾക്ക് പ്രത്യേക പരിഗണന നൽകുകയും ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു. സ്വാതന്ത്ര്യത്തിനു ശേഷം ഗവണ്മെന്റ് ഈ സമീപനം പരിഷ്കരിച്ചു. ഭരണഘടനാപരമായ സംരക്ഷണങ്ങൾ ഏർപ്പെടുത്തിയും ആദിവാസികളുടെ വികസനത്തിനായുള്ള സംവരണം നടപ്പിലാക്കിയും അവരെ മുഖ്യധാരയിലെത്തിക്കാൻ പരിശ്രമം നടന്നു.

ഈ സമീപനവും വിമർശനത്തിൽനിന്ന് മുക്തമായിരുന്നില്ല. രാഷ്ട്രീയസമീപനം പലപ്പോഴും ഗോത്രസമൂഹത്തിന്റെ സാമൂഹികസാംസ്കാരിക വൈവിധ്യത്തെ പരിഗണിച്ചിരുന്നില്ല. കൂടാതെ കേന്ദ്രീകൃത ഭരണസംവിധാനത്തിൽ, ഗോത്ര വർഗങ്ങളുമായി ബന്ധപ്പെട്ട പ്രായോഗിക യാഥാർഥ്യങ്ങൾ തിരിച്ചറിയപ്പെടാറില്ല.

### 3. മതപരമായ സമീപനം (Religious Approach)

ഇത് മിഷണറിസമീപനം എന്നും അറിയപ്പെടുന്നു. ഈ സമീപനം അടിസ്ഥാന പരമായി ക്രിസ്ത്യൻ മിഷനറിമാരാണ് സ്വീകരിച്ചിരുന്നത്. ഇവർ ആദിവാസി ക്ഷേമത്തിനായി ധാരാളം കാര്യങ്ങൾ ചെയ്യുകയുണ്ടായി. ദാരിദ്ര്യനിർമ്മാർജനത്തിനും ആരോഗ്യം മെച്ചപ്പെടുത്താനും വിദ്യാഭ്യാസനിലവാരം വർധിപ്പിക്കുന്നതിനും അവർ

വിവിധ പദ്ധതികൾ നടപ്പിലാക്കി. പക്ഷേ, ഇതിന്റെയെല്ലാംപിന്നിൽ മതപരിവർത്തനം എന്ന ലക്ഷ്യമുണ്ടായിരുന്നു എന്ന് വിമർശിക്കപ്പെടുന്നു. പരിവർത്തനം ആദിവാസികളുടെ മതം, മറ്റു വിശ്വാസങ്ങൾ, എന്നിവയ്ക്ക് ഭീഷണിയാവുകയും അവരുടെ ജീവിതരീതിക്കും ഐക്യത്തിനും സംസ്കാരത്തിനുമെല്ലാം വലിയ പരിക്കേൽപ്പിക്കുകയും ചെയ്തു.

## 4. നരവംശശാസ്ത്രസമീപനം (Anthropological Approach)

നരവംശശാസ്ത്രസമീപനം ഗോത്രവർഗവികസനത്തിലെ ഏക സമീപനമല്ല. മറിച്ച് ഒന്നിലധികം നരവംശശാസ്ത്രസമീപനങ്ങൾ ഇതിലുണ്ട്. ആദ്യകാലത്ത് നരവംശ ശാസ്ത്രജ്ഞർ ആദിവാസികളെ ഒറ്റപ്പെടുത്തി സംരക്ഷിക്കേണ്ടതിനായി വാദിച്ചു. പിന്നീട് അവരുടെ സാംസ്കാരികത്തനിമ നഷ്ടപ്പെടുത്താതെ മുഖ്യധാരയുമായി ഉദ്ഗ്രഥിക്കേണ്ട തിന്റെ ആവശ്യകത മുന്നോട്ടുവെച്ചു.

കോളനിഭരണകാലത്ത്, ബ്രിട്ടീഷുകാർ ആദിവാസികളെ മറ്റുള്ളവരിൽനിന്നും മാറ്റിനിർത്തി പ്രത്യേക ഭരണമേഖലയിലുൾപ്പെടുത്തുന്ന സമീപനം സ്വീകരിച്ചു. ഇത് ഒറ്റപ്പെടുത്തൽ സമീപനം(ഐസൊലേഷനിസം) എന്നറിയപ്പെട്ടു. ഈ സമീപനപ്രകാരം ആദിവാസികളെ ഒറ്റപ്പെടുത്തി അവരുടെ സ്വാഭാവികപരിതസ്ഥിതിയിൽ സ്വതന്ത്രമായും സന്തോഷകരമായും ജീവിക്കാൻ അനുവദിക്കണം. ഭരണസംവിധാനം അതിനനുസരിച്ച് ക്രമീകരിക്കപ്പെടണം. ആദിവാസിജീവിതത്തിന്റെ സമാധാനം തകർക്കുന്ന ഒരുതരത്തിലുള്ള ബാഹ്യ ഇടപെടലും അനുവദിക്കരുത്. ഇത്തരത്തിൽ ആദിവാസി വികസനത്തിന് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യേണ്ടതാണ്. ഈ ആശയം മുന്നോട്ടുവച്ചവർ ഒറ്റപ്പെടുത്തൽവാദികൾ (ഐസൊലേഷനിസ്റ്റ്) എന്നറിയപ്പെട്ടു. വെരിയർ എൽവിനായിരുന്നു ഇതിൽ പ്രധാനി. അദ്ദേഹം ആദിവാസികളെ ഒരു ദേശീയോദ്യാനത്തി ലെന്നപോലെ ഒറ്റപ്പെടുത്തി നിർത്താൻ വാദിച്ചു. ഇത് പാർക്ക്‌ലാന്റ് സമീപനം(Parkland Approach) എന്നറിയപ്പെട്ടു. ആദിവാസികളുടെ സാംസ്കാരിക ശോഷണത്തിന്റെയും ചൂഷണത്തിന്റെയും പശ്ചാത്തലത്തിലാണ് ഈ സമീപനം നിർദേശിക്കപ്പെട്ടത്. പണമിടപാടുകാരും കരാറുകാരും മധ്യവർത്തികളുമെല്ലാം ഇവരെ ചൂഷണം ചെയ്തിരുന്നു.

പിന്നീട് നരവംശശാസ്ത്രസമീപനം ഉദ്ഗ്രഥിതസമീപനം (Integrative approach) ആയി മാറി. ആദിവാസികളെ അവരുടെ സംസ്കാരികത്തനിമ നിലനിർത്തി ക്കൊണ്ടുതന്നെ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സമീപനം സ്വീകരിക്കപ്പെട്ടത്. ഒന്നിന്റെയും തനിമ നഷ്ടപ്പെടാതെ മറ്റൊരു മെച്ചപ്പെട്ട രീതിയുടെ ഭാഗമാവുന്ന പ്രക്രിയയാണ് ഉദ്ഗ്രഥനം. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെയും തുടർന്ന് ഗോത്രജനതയെ ദേശീയ മുഖ്യധാരയുമായി ഒന്നിപ്പിച്ച് കൊണ്ടുപോകേണ്ടതിന്റെ ആവശ്യം രൂപപ്പെടുകയും ചെയ്തതാണ് ഉദ്ഗ്രഥിത സമീപനത്തിലേക്ക് നയിച്ചത്. ഇത് നരവംശശാസ്ത്രജ്ഞർ വ്യാപകമായി അംഗീകരിച്ചു. ഇന്ത്യൻ സർക്കാരിന്റെ ആദിവാസി ക്ഷേമ ഉപദേശകനാ യിരുന്ന വേരിയർ എൽവിനാണ് സ്വാതന്ത്ര്യാനന്തരം ഈ സമീപനത്തിന്റെ ഏറ്റവും വലിയ വക്താവായത്.

ആദിവാസിക്ഷേമം കണക്കിലെടുക്കുമ്പോൾ നരവംശശാസ്ത്രസമീപനമാണ് കൂടുതൽ അനുയോജ്യമെന്ന് പറയാൻ കാരണം താഴെ പറയുന്ന കാര്യങ്ങളാണ്:

- ആദിവാസിസംസ്കാരത്തെ ശാസ്ത്രീയപഠനത്തിലൂടെ മനസ്സിലാക്കുന്നു.
- ആദിവാസിപ്രശ്നങ്ങളെയും അവരുടെ സാമൂഹിമാറ്റത്തെ നയിക്കുന്നതോ തടയുന്നതോ ആയ ഘടകങ്ങളെയും തിരിച്ചറിയുന്നു.
- ആദിവാസിജനതയുടെ സാമൂഹിക-സാംസ്കാരിക അവസ്ഥ പരിഗണിച്ചുകൊണ്ട് സുസ്ഥിര ക്ഷേമപദ്ധതികൾ വികസിപ്പിക്കുന്നു.
- വികസനപദ്ധതികളുടെ ഗതി നിയന്ത്രിക്കുകയും അത് അവരുടെ ഐക്യത്തെ ബാധിക്കില്ല എന്നുറപ്പുവരുത്തുകയും ചെയ്യുന്നു.

നരവംശശാസ്ത്ര വിദ്യാർഥിയെന്ന നിലയിൽ സാംസ്കാരിക ആപേക്ഷികത പോലെയുള്ള ചില നല്ല മൂല്യങ്ങൾ വളർത്തിയെടുത്തിട്ടുണ്ടാവും. മറ്റു സംസ്കാരങ്ങളുമായി ബന്ധപ്പെടുമ്പോൾ സംസ്കാരത്തിനകത്തുള്ളവരുടെ കാഴ്ചപ്പാടുകൂടി പരിഗണിക്കേണ്ടതാണ്. നമ്മുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവിന്റെ വാക്കുകൾ ആദിവാസി ജനതയുമായി ഇടപെടുമ്പോൾ ഇത്തരമൊരു സമീപനമുണ്ടാവേണ്ടതിന്റെ ആവശ്യം വ്യക്തമാക്കുന്നു.

## ഗോത്രവർഗവികസനത്തിൽ നെഹ്രുവിന്റെ സമീപനം (Nehru's Approach to Tribal Development)



ആദിവാസികളെക്കുറിച്ചുള്ള നെഹ്രുവിന്റെ കാഴ്ചപ്പാട്:

സമതലങ്ങളിലോ നഗരങ്ങളിലോ ഉള്ള ജനതയിൽ കാണാത്ത പല ഗുണങ്ങളും ഞാൻ ഗോത്രജനതയിൽ കണ്ടിട്ടുണ്ട്. ഇതിൽ ഏത് ജീവിതരീതിയാണ് മെച്ചപ്പെട്ടത് എന്ന് എനിക്ക് ഉറപ്പില്ല. പക്ഷേ ചില രീതികളിൽ അവരുടേത് മെച്ചപ്പെട്ടതാണ്.

*അങ്ങനെയാണെങ്കിൽ അവരോട് നമ്മൾ എങ്ങനെ പെരുമാറണം, എന്തു ചെയ്യണം, എന്തു ചെയ്യാൻ പാടില്ല എന്നൊക്കെ പറയുന്നതും അവരെ നമ്മളുടെ മറ്റൊരു പതിപ്പാക്കാൻ ശ്രമിക്കുന്നതും നമ്മുടെ മേൽക്കോയ്മയുടെ മുൻവിധികൊണ്ടു മാത്രമാണ്.....*

*ആദിവാസികളോടുള്ള സമീപനം, അവരെ സഹായിക്കാനും അവരോട് സഹകരിക്കാനും കഴിയുന്ന രീതിയിൽ അവരിൽനിന്ന് പഠിക്കുന്നതരത്തിലുള്ളതും നമ്മൾ പഠിക്കപ്പെടുന്ന തരത്തിലുള്ളതുമായിരിക്കണം.....*

*അവർ ഏറ്റവുമധികം അച്ചടക്കമുള്ളവരും, മറ്റ് ഇന്ത്യക്കാരെക്കാൾ ജനാധിപത്യ ബോധമുള്ളവരുമാണ്....*


*അവരോട് സ്നേഹത്തോടെയും സൗഹൃദത്തോടെയും പെരുമാറാനും അവരിലൊരാളായി ജീവിക്കാനും കഴിയുന്നിടത്തോളം, ഏറ്റവും നല്ലത്, പൂർണമായും വിദ്യാഭ്യാസമില്ലാത്ത, ഒരു പരീക്ഷയും വിജയിച്ചിട്ടില്ലാത്ത അത്തരത്തിലൊരാളെ അവർക്കിടയിലേക്ക് അയക്കുന്നതായിരിക്കും ഉചിതം.*

നെഹ്റു ആദിവാസികളുടെ മൗലികമായ സാംസ്കാരികത്തനിമയെയും നാടൻ രീതികളെയും നാട്ടുപഴമകളെയും അംഗീകരിച്ചു. ആദിവാസിജനതയോടുള്ള അദ്ദേഹത്തിന്റെ സമീപനം അഞ്ച് തത്ത്വങ്ങളായാണ് വിശദമാക്കിയിരിക്കുന്നത്. ഇത് വെരിയർ എൽവിന്റെ 'ഫിലോസഫി ഫോർ നേഫ' എന്ന പുസ്തകത്തിന്റെ മുഖവുരയിൽ വ്യക്തമാക്കിയിട്ടുണ്ട്. നെഹ്റുവിന്റെ ആദിവാസി പഞ്ചശീൽ എന്നറിയപ്പെടുന്ന ആ അഞ്ച് തത്ത്വങ്ങൾ താഴെ കൊടുക്കുന്നു.

1. ആദിവാസിജനത അവരുടെ സ്വന്തം പ്രതിഭയിലൂടെ വികസിക്കേണ്ടതാണ്. നമ്മൾ പുറമെയുള്ളവർ അവരുടെമേൽ ഒന്നും അടിച്ചേൽപ്പിക്കാൻ പാടില്ല. പാരമ്പര്യ കലകളെയും സംസ്കാരത്തെയും നമ്മൾ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.
2. ഭൂമിയിലും വനത്തിലുമുള്ള ആദിവാസികളുടെ അവകാശം മാനിക്കണം.
3. ഭരണതലത്തിലും വികസനതലത്തിലുമുള്ള എല്ലാ പ്രവൃത്തികൾക്കുമായി അവരുടെയിടയിൽ നിന്ന് ഒരു കൂട്ടത്തെ വികസിപ്പിച്ചെടുക്കണം. പുറത്തുനിന്നുള്ള ചില സാങ്കേതികവിദഗ്ധരെ പ്രത്യേകിച്ച് തുടക്കത്തിൽ സ്വാഭാവികമായും ആവശ്യം വരും. എന്നാൽ ആദിവാസിമേഖലയിലേക്ക് ഒരുപാടു പേരെ പുറത്തുനിന്നു കൊണ്ടുവരുന്നത് ഒഴിവാക്കണം.
4. കൂടുതൽ ഭരണമേൽക്കോയ്മകളും വിവിധതരത്തിലുള്ള വികസനപദ്ധതികളും ഒരേസമയം തുടങ്ങി അവർക്ക് പ്രയാസമുണ്ടാക്കാൻ പാടില്ല. വികസനപ്രവർത്തനങ്ങൾ കഴിയുന്നതും അവരുടെ എതിർപ്പിന് വിധേയമാകാതെ അവരുടെ തന്നെ സാമൂഹിക-സാംസ്കാരിക സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
5. വികസനത്തെ വിലയിരുത്തേണ്ടത് ചെലവഴിച്ച തുകയുടെ കണക്കുകളുടെ അടിസ്ഥാനത്തിലല്ല, അവരുടെ മാനസികഭാവത്തിൽ എത്രമാത്രം ഗുണപരമായ മേന്മ കൈവരിക്കാൻ കഴിഞ്ഞു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം.

ഈ തത്ത്വങ്ങൾ നരവംശശാസ്ത്രസമീപനം കൃത്യമായി സൂചിപ്പിക്കുന്നു. പ്രയുക്ത നരവംശശാസ്ത്രം സമൂഹത്തിലെ എല്ലാ മേഖലകളിലുമുള്ള വികസനത്തെ പരിഗണിക്കുന്നു. പ്രത്യേകമായ വികസനതന്ത്രങ്ങൾ സ്വീകരിക്കുന്ന മറ്റു മേഖലകൾ ഏതൊക്കെയാണ്? നഗരത്തിലും ഗ്രാമത്തിലും കാണുന്ന വികസനതന്ത്രങ്ങളിൽ എന്തു വ്യത്യാസമാണ് കാണാൻ കഴിയുക?

നരവംശശാസ്ത്രം വികസനത്തിന്റെ എല്ലാ മേഖലകളിലും പ്രസക്തമാണ്. ഇത് ഗ്രാമവികസനത്തിനും ശ്രദ്ധനൽകുന്നു. നമ്മുടെ രാജ്യത്തെ വ്യത്യസ്ത ഗ്രാമവികസന പദ്ധതികളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവും. ഗ്രാമീണമേഖലകളിൽ ഇത്തരം പ്രത്യേക പദ്ധതികളുടെ ആവശ്യമെന്താണെന്നാണ് നിങ്ങൾ കരുതുന്നത്? എങ്ങനെയാണ്




ചിത്രം 9.4 ഫിലോസഫി ഫോർ നേഫ എന്ന പുസ്തകത്തിന്റെ പുറംചട്ട

നരവംശശാസ്ത്ര അറിവ് ഇത്തരം കാര്യങ്ങൾക്ക് ഉപകാരപ്രദമാവുക? നമുക്കറിയുന്നതു പോലെ മനുഷ്യന്റെ എല്ലാ മേഖലകളെയും പരിഗണിക്കുന്ന ഒരു സമഗ്ര പഠനമേഖലയാണ് നരവംശ ശാസ്ത്രം. ഗ്രാമീണമേഖല സവിശേഷമായ സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങളാണ്. നരവംശശാസ്ത്രജ്ഞർ ഇത്തരം പ്രത്യേക സംസ്കാരങ്ങളെക്കുറിച്ച് പഠിക്കുന്നതിൽ തൽപ്പരരാണ്. ഇന്ത്യയിലെ ഗ്രാമവികസനത്തിന്റെ മുഖ്യമേഖലകൾ ഏതൊക്കെയെന്ന് നമുക്ക് വിശകലനം ചെയ്യാം. ഇതിൽ പ്രയുക്തനരവംശശാസ്ത്രത്തിന്റെ സാധ്യതകളും മനസ്സിലാക്കാം.

## ഗ്രാമവികസനം ഇന്ത്യയിൽ
## (Rural Development in India)

സ്വാതന്ത്ര്യത്തിന്റെ കാലഘട്ടത്തിൽ ഇന്ത്യ കൊടിയ ദാരിദ്ര്യം, തൊഴിലില്ലായ്മ, മൂലധനത്തിന്റെ കാര്യമായ കുറവ്, വലിയ തരത്തിലുള്ള നിരക്ഷരത, തൊഴിൽ പരിജ്ഞാനക്കുറവ് തുടങ്ങിയ വലിയ പ്രശ്നങ്ങൾ അഭിമുഖീകരിച്ചിരുന്നു. ഈ പ്രശ്നങ്ങൾ നേരിടാനായി ഇന്ത്യ പഞ്ചവത്സര പദ്ധതിയുൾപ്പെടെയുള്ള ധാരാളം വികസനപദ്ധതികൾ ആസൂത്രണം ചെയ്തു. ഗാന്ധിജിയുടെ വികസനസങ്കൽപ്പം ഇത്തരത്തിൽ പ്രധാനപ്പെട്ടതാണ്. ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്ന് ഗാന്ധിജി വിശ്വസിച്ചു. ഗ്രാമങ്ങളുടെ വികസനത്തിലൂടെയുള്ള ഇന്ത്യയുടെ വികസനമാണ് അദ്ദേഹം വിഭാവനം ചെയ്തത്. ആ നിലയിൽ ഗ്രാമവികസന പദ്ധതികൾ നിർണായകവുമാണ്. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ പിന്നാക്കം പോകുന്ന മേഖലകളുടെ വികസനത്തിലാണ് ഗ്രാമവികസന പദ്ധതികൾ ശ്രദ്ധകേന്ദ്രീകരിക്കുന്നത്.

ഗ്രാമവികസനത്തിന്റെ ചില പ്രധാന മേഖലകൾ താഴെക്കൊടുക്കുന്നു.

എ) സാക്ഷരതാപദ്ധതികൾക്ക് പ്രത്യേകിച്ച് സ്ത്രീസാക്ഷരതാപദ്ധതികൾക്കും വിദ്യാഭ്യാസത്തിനും നൈപുണി വികസനത്തിനും ആരോഗ്യ പരിപാലനം, ശുചിത്വം എന്നിവയ്ക്കും തുക വകയിരുത്തിക്കൊണ്ട് മാനവവിഭവശേഷി വികസിപ്പിക്കുക.

ബി) കൃഷിയിൽ ഗുണമേന്മ ഉറപ്പുവരുത്താനും കൃഷിക്കാരന് കൃഷിഭൂമിയിൽ കൈവശാവകാശം നൽകാനും ഭൂപരിഷ്കരണം നടപ്പാക്കുക.

സി) വൈദ്യുതി, ജലസേചനം, വായ്പാസൗകര്യം വിപണനസൗകര്യം, യാത്രാസൗകര്യം തുടങ്ങിയ അടിസ്ഥാനസൗകര്യവികസനം.

ഡി) ഓരോ പ്രദേശത്തും ഉൽപ്പാദനവിഭവങ്ങൾ വികസിപ്പിക്കുക.

ഇ) ദാരിദ്ര്യനിർമ്മാർജനം, ഉൽപ്പാദനപരമായ തൊഴിൽരൂപീകരണം എന്നിവയിലൂടെ സമൂഹത്തിലെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിതനിലവാരം വർധിപ്പിക്കുക.

ഗ്രാമവികസന പദ്ധതികളിൽ വിഭാവനം ചെയ്യുന്ന വികസനപദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രാദേശിക സംസ്കാരത്തെക്കുറിച്ചുള്ള അറിവ് അനിവാര്യമാണ്. ഇവിടെ നരവംശശാസ്ത്രത്തിന് വലിയരീതിയിൽ സംഭാവനചെയ്യാൻ കഴിയും. ഗ്രാമീണ ജനതയുടെ ജീവിതത്തിന്റെ യാഥാർഥചിത്രം ലഭിക്കുന്നതിന് നരവംശശാസ്ത്രത്തിന്റെ പ്രവർത്തനരംഗവും പങ്കാളിത്തനിരീക്ഷണരീതിയും ഉപകാരപ്രദമായിരിക്കും. ഉദാഹരണത്തിന് വികേന്ദ്രീകൃത ആസൂത്രണതന്ത്രം നടപ്പിലാക്കുന്നതിനായി പ്രാദേശിക വിഭവങ്ങളും ആവശ്യങ്ങളും അടിസ്ഥാനതലത്തിൽ തിരിച്ചറിയേണ്ടതുണ്ട്. കൂടാതെ, പദ്ധതികൾ സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യുകയും വേണം. അതിനാൽ നരവംശശാസ്ത്രത്തിന്റെ സംസ്കാരാന്തരപഠനരീതി, മണ്ഡല പഠനരീതി, ശാസ്ത്രീയമായ അറിവ് എന്നിവയെല്ലാം ഗ്രാമവികസനപദ്ധതികളുടെ ആസൂത്രണം, തയാറെടുപ്പ്, നടത്തിപ്പ് എന്നിവയ്ക്ക് ഉപയോഗിക്കാൻ കഴിയും. അതുകൊണ്ടാണ് ആസൂത്രണ കമ്മീഷൻ, ഗ്രാമവികസനവുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകൾ എന്നിവയിൽ ധാരാളം നരവംശശാസ്ത്രജ്ഞർ നിയമിക്കപ്പെടുന്നത്.

നമ്മുടെ വികസനപദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന സമീപനം വളരെയധികം ചർച്ചചെയ്യപ്പെടുകയുണ്ടായി. എന്നാൽ പ്രയോഗതലത്തിൽ ഈ തത്ത്വങ്ങളെ അടിസ്ഥാനമാക്കിയല്ല വികസനം നടപ്പിലാക്കപ്പെടുന്നത്. വികസന പ്രവർത്തനങ്ങൾ ചിലപ്പോൾ പ്രകൃതിക്ക് വിനാശകരമാവാറുണ്ട്. ഉദാഹരണമായി കാർഷികവിളവ് വർധിപ്പിക്കാനായി നമ്മൾ രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കാൻ തുടങ്ങി. ഇത് വലിയതോതിലുള്ള പരിസ്ഥിതി മലിനീകരണത്തിനും പാരിസ്ഥിതിക അസന്തുലിതാവസ്ഥയ്ക്കും കാരണമായി. നിർമ്മാണപ്രവൃത്തികൾക്കായി വയൽ നികത്തുന്നതും വൻപദ്ധതികൾ നടത്താനായി വനം നശിപ്പിക്കുന്നതുമെല്ലാം വികസനത്തിലെ സമകാലിക ഭീഷണികളാണ്. മാലിന്യ നിർമ്മാർജനം ഇക്കാലത്തെ വലിയ പ്രശ്നമായി മാറിയിരിക്കുന്നു. അതിനാൽ വികസനത്തെ മറ്റൊരു തലത്തിൽ കാണേണ്ടതുണ്ട്. ഇവിടെ സുസ്ഥിരവികസനം എന്ന ആശയം പ്രസക്തമാകുന്നു.



നിങ്ങളുടെ പ്രദേശത്തു നടപ്പിലാക്കുന്ന വിവിധ വികസനപദ്ധതികളെക്കുറിച്ച് വിവരം ശേഖരിക്കാൻ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ സന്ദർശിക്കുക. വ്യത്യസ്ത ഗവണ്മെന്റ് വകുപ്പുകളുടെ പോർട്ടലുകളിൽ നിന്നും നിങ്ങൾക്ക് വിവരം ശേഖരിക്കാൻ കഴിയും. ഇവ ഉപയോഗിച്ച് ഗ്രാമീണവികസനം സംബന്ധിച്ച് ഒരു റിപ്പോർട്ട് തയാറാക്കുക.


### സുസ്ഥിരവികസനം (Sustainable Development)

പ്രകൃതിക്കുള്ള ഭീഷണിയെക്കുറിച്ചുള്ള ബോധ്യമാണ് സുസ്ഥിരവികസനം എന്ന ആശയത്തിലേക്കു നയിച്ചത്. ഇത് അടിസ്ഥാനപരമായി വികസനം സുസ്ഥിരമാണോ എന്ന ചോദ്യമുയർത്തുന്നു. മറ്റൊരർഥത്തിൽ നമ്മൾ നടത്തുന്നതോ ലക്ഷ്യമിടുന്നതോ ആയ വികസനം വരുംതലമുറയ്ക്ക് കൂടി പ്രയോജനപ്പെടും വിധം നിലനിൽക്കുമോ? ആധുനിക വികസനരീതികളിൽ ഇത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. സുസ്ഥിര

വികസനമെന്നത് സ്വന്തം നിലയിൽ നിലനിൽക്കാൻ കഴിയുന്ന വികസനമാണ്.

ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന ആശയത്തെക്കുറിച്ച് വിവരം ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക. ഈ ആശയങ്ങൾ നടപ്പിലാക്കുന്നതിൽ പ്രയോഗനരവംശശാസ്ത്രത്തിന്റെ പങ്ക് പരിശോധിക്കുക.

പരമ്പരാഗതമായി വികസനം എന്നത് ദേശീയവരുമാനവുമായി തുലനം ചെയ്താണ് കണക്കാക്കാറുള്ളത്. എന്നാൽ ഇത് സാമ്പത്തികവികസനം മാത്രമേ പരിഗണിക്കുന്നുള്ളൂ. എന്നാൽ വികസനത്തിന്റെ വ്യത്യസ്തമായ കാഴ്ചപ്പാട് മാനവികവികസനം-അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ വികസനം ജീവിതനിലവാരത്തെയുംകൂടി പരിഗണിച്ചാണ് കണക്കാക്കുന്നത്.


ചിത്രം 9.5 അമർത്യാസെൻ

## സുസ്ഥിര മാനവികവികസനം (Sustainable Human Development)

യുണൈറ്റഡ് നാഷൻസ് ഡവലപ്മെന്റ് പ്രോഗ്രാമിന്റെ (യു.എൻ.ഡി.പി) കാഴ്ചപ്പാടിൽ മാനവികവികസനം എന്നത് ദേശീയവരുമാന വർധനവ് മാത്രമല്ല. ജനങ്ങൾക്ക് അവരുടെ പൂർണ കഴിവ് വികസിപ്പിച്ച് ക്രിയാത്മകമായ ജീവിതം നയിക്കാൻ സഹായകമാവുന്നതരത്തിലുള്ള സാഹചര്യം രൂപപ്പെടുത്തുക എന്നതുമായി ബന്ധപ്പെട്ടതാണ് സുസ്ഥിര മാനവികവികസനം. ഇത് അവരുടെ താൽപ്പര്യത്തിനും ആവശ്യങ്ങൾക്കുമനുസരിച്ചായിരിക്കണം. ജനങ്ങളുടെ സാധ്യതകൾ വർധിപ്പിക്കുന്ന പ്രക്രിയയാണ് വികസനം. പ്രശസ്ത സാമ്പത്തികശാസ്ത്രജ്ഞനും നോബൽ ജേതാവുമായ അമർത്യാസെൻ മുന്നോട്ടുവയ്ക്കുന്ന 'കഴിവിന്റെ സമീപനം' എന്ന കാതലായ ആശയത്തെ അടിസ്ഥാനമാക്കിയുള്ള, മനുഷ്യാവസ്ഥയെക്കുറിച്ചുള്ള പഠനമാണ് ഇതിൽ ഉൾക്കൊള്ളുന്നത്.

സാമ്പത്തികവളർച്ചയെമാത്രം കേന്ദ്രീകരിച്ചുള്ള വിശകലനത്തിനുപകരമായുള്ള സമീപനമാണിത്. മാത്രമല്ല, സാമൂഹ്യനീതിയെയാണ് പുരോഗതി മനസ്സിലാകുന്നതിനുള്ള വഴിയായി കണക്കാക്കുന്നത്. മാനവികവികസനവും മനുഷ്യാവകാശങ്ങളും പരസ്പരം ശക്തിപ്പെടുത്തുന്നതാണ്. ഇത് എല്ലാ ജനങ്ങളുടെയും ക്ഷേമവും അന്തസ്സും സംരക്ഷിക്കാൻ സഹായിക്കുകയും സ്വാഭിമാനം കെട്ടിപ്പടുക്കുകയും മറ്റുള്ളവരോടുള്ള ബഹുമാനം വളർത്തുകയും ചെയ്യുന്നു. പിന്നീട് മാനവികവികസനം, സുസ്ഥിരവികസനം എന്നീ ആശയങ്ങൾ ഒരുമിപ്പിച്ചുകൊണ്ടുള്ള സുസ്ഥിരമാനവിക വികസനം എന്ന ആശയം വലിയ അംഗീകാരം നേടി.


യു എൻ ഡി പിയുടെ വെബ്സൈറ്റ് സന്ദർശിച്ച് ഏറ്റവും പുതിയ മാനവവികസന റിപ്പോർട്ട് ശേഖരിക്കുക. ഇന്ത്യയടക്കം വ്യത്യസ്ത രാജ്യങ്ങളുടെ നിലവാരം കാണിക്കുന്ന ചാർട്ട് തയാറാക്കുക.

വികസനകാഴ്ചപ്പാടിൽ മനുഷ്യഗുണനിലവാരം ഉൾപ്പെട്ടിട്ടുള്ളതിനാൽ ചില മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി ഗുണം എന്താണെന്ന് നിശ്ചയിക്കേണ്ടിവന്നു. അങ്ങനെ മാനവവികസനസൂചിക എന്ന ആശയം നിലവിൽവന്നു.

## മാനവവികസനസൂചിക (എച്ച്.ഡി.ഐ.)
## (Human Development Index - H D I)

മാനവവികസനസൂചികയെ മനുഷ്യവികസനത്തിന്റെ പ്രബലമായ സൂചകമായി കാണാവുന്നതാണ്. മനുഷ്യവികസനത്തിന്റെ മൂന്ന് തലങ്ങളിലുള്ള ശരാശരി നേട്ടത്തിന്റെ സംയോജിത സൂചികമാണിത്. ഇതിൽ ദീർഘായുസ്സ് (ദീർഘവും ആരോഗ്യകരവുമായ ജീവിതം), അറിവ്, നിലവാരമുള്ള ജീവിതം എന്നിവയുൾപ്പെടുന്നു. ദീർഘവും ആരോഗ്യകരവുമായ ജീവിതം എന്നതിൽ ജനനസമയത്തെ പ്രതീക്ഷിത ആയുസ്സ് ഉൾപ്പെടുന്നു. അറിവ് എന്ന മാനദണ്ഡത്തിൽ വിദ്യാലയത്തിൽ പഠിക്കുന്നതിന്റെ ശരാശരി വർഷവും വിദ്യാലയത്തിൽ പഠിക്കുന്നതിന്റെ പ്രതീക്ഷിത വർഷവുമുൾപ്പെടുന്നു. ജീവിത നിലവാരം നിർണയിക്കുന്നത് ദേശീയ പ്രതിശീർഷവരുമാനത്തെ അടിസ്ഥാനമാക്കിയാണ്.

മനുഷ്യവികസനത്തിന്റെ അടിസ്ഥാനത്തിൽ രാജ്യങ്ങളുടെ സ്ഥാനം നിർണയിക്കുന്നതിനാണ് എച്ച്.ഡി.ഐ. ഉപയോഗിക്കുന്നത്. ഐക്യരാഷ്ട്ര വികസനപരിപാടിയുടെ (യു.എൻ.ഡി.പി) പരിശ്രമത്താലാണ് ഇത് വികസിപ്പിച്ചത്. പാകിസ്ഥാൻ സാമ്പത്തികശാസ്ത്രജ്ഞനായ മെഹ്ബൂബുൽ ഹഖ്, ഇന്ത്യൻ സാമ്പത്തികശാസ്ത്രജ്ഞനായ അമർത്യാസെൻ എന്നിവരുടെ സ്വാധീനവും ഇതിനുണ്ടായിരുന്നു. എച്ച്.ഡി.ഐ.യെ അടിസ്ഥാനമാക്കി യു.എൻ.ഡി.പി. 1990 മുതൽ വാർഷിക മാനവിക വികസന റിപ്പോർട്ട് (എച്ച്.ഡി.ആർ.) പ്രസിദ്ധീകരിച്ചുവരുന്നു.



ചിത്രം 9.6 മനുഷ്യവികസനത്തിന്റെ തലങ്ങൾ

ദേശീയവരുമാനത്തിൽ ഉയർന്ന സ്ഥാനത്തുനിൽക്കുമ്പോഴും പല രാജ്യങ്ങളിലും ജനങ്ങൾ വലിയ ദാരിദ്ര്യം അനുഭവിക്കുന്നു. ഇതിന്റെ കാരണമെന്താണെന്നാണ് നിങ്ങൾ കരുതുന്നത്? സമ്പത്ത് തുല്യനിലയിലല്ല വിതരണം ചെയ്തിരിക്കുന്നതെന്ന് നമുക്ക് അനുമാനിക്കാം. അതിനാൽ അസമത്വം ദാരിദ്ര്യത്തിനും മറ്റു സാമൂഹിക പ്രശ്നങ്ങൾക്കും വഴിവയ്ക്കും.

## ദാരിദ്ര്യവും അസമത്വവും (Poverty and Inequality)

എല്ലാ മനുഷ്യർക്കും ജീവിക്കാൻ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, താമസസ്ഥലം വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവ വേണം. ഈ അടിസ്ഥാന ആവശ്യങ്ങളെ ചുരുങ്ങിയ അളവിലെങ്കിലും സമ്പാദിക്കാൻ കഴിയാത്ത അവസ്ഥയാണ് ദാരിദ്ര്യം. സമ്പത്തിന്റെയോ വരുമാനത്തിന്റെയോ പോരായ്മകൊണ്ടാണ് ഈ അവസ്ഥ ഉണ്ടാവുന്നത്. ആരോഗ്യമില്ലായ്മയ്ക്കും ശാരീരികക്ഷമതയില്ലായ്മയ്ക്കും ദാരിദ്ര്യം കാരണമാകും. ഇത് ഉൽപ്പാദനക്കുറവിലേക്കും താഴ്ന്നവരുമാനം മാത്രം നേടുന്നതിലേക്കും നയിക്കുകയും അതുവഴി ദാരിദ്ര്യമെന്ന അവസ്ഥയെ കൂടുതൽ തീവ്രമാക്കുകയും ചെയ്യും. ദാരിദ്ര്യത്തിന്റെ ഒരു വിഷമവൃത്തംതന്നെ ഇവിടെ സൃഷ്ടിക്കപ്പെടുന്നു. ദാരിദ്ര്യവും വരുമാനത്തിന്റെയും സമ്പത്തിന്റെയും അസംതുലിതമായ വിതരണവുമാണ് ഇന്ന് ഇന്ത്യ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഇന്ത്യ മാത്രമല്ല, ലോകമാകമാനം അഭിമുഖീകരിക്കുന്ന ഒരു പ്രധാന വെല്ലുവിളിയാണ് ദാരിദ്ര്യം. ലോകത്തുള്ള ദരിദ്രരുടെ അഞ്ചിൽ ഒരു ഭാഗത്തിലധികം ഇന്ത്യയിൽമാത്രം ജീവിക്കുന്നു. 260 ദശലക്ഷം ജനങ്ങൾ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, താമസസ്ഥലം, വസ്ത്രം എന്നിവ ലഭ്യമല്ലാത്തവരായുണ്ട്.



ചിത്രം 9.7 നഗരപ്രദേശങ്ങളിലെ പാർപ്പിട പ്രശ്നം

ഇന്ന് ദാരിദ്ര്യം വെറുമൊരു സാമ്പത്തികപ്രശ്നമായല്ല, വ്യത്യസ്ത മാനങ്ങളിലാണ് ചർച്ചചെയ്യപ്പെടുന്നത്. നിങ്ങൾ മുൻ അധ്യായത്തിൽ പഠിച്ചതുപോലെ ഓസ്കാർ ലൂയിസ് 'ദാരിദ്ര്യത്തിന്റെ സംസ്കാരം' എന്ന ആശയം വികസിപ്പിക്കുകയുണ്ടായി. കഷ്ടപ്പാടുകളിൽ നിന്നു രക്ഷപ്പെടാനുള്ള എല്ലാ പ്രതീക്ഷയും നഷ്ടപ്പെടുമ്പോൾ ദാരിദ്ര്യം തന്നെ ഒരു ജീവിതരീതിയായി കണക്കാക്കുന്ന സാഹചര്യമാണിത്. അതിനാൽ ദാരിദ്ര്യത്തെക്കുറിച്ചും മറ്റും സാമ്പത്തികപ്രശ്നങ്ങളെക്കുറിച്ചുമുള്ള നരവംശശാസ്ത്രപരമായ കാഴ്ചപ്പാട് സംസ്കാരബന്ധിതമായ ധാരണ ആവശ്യപ്പെടുന്നുണ്ട്.

ദാരിദ്ര്യം, വിശപ്പ്, രോഗം, നിരക്ഷരത, പാരിസ്ഥിതിക അപചയം, സ്ത്രീവിവേചനം എന്നിവയ്ക്കെതിരെ പോരാടുന്നതിനായി 2000 സപ്തംബറിൽ ഐക്യരാഷ്ട്ര സംഘടനയുടെ 'നൂറ്റാണ്ടിന്റെ ഉച്ചകോടി



ചിത്രം 9.8
ദാരിദ്ര്യം ഒരു ജീവിതരീതിയെന്ന നിലയിൽ

യിൽ' വച്ച് ലോകനേതാക്കൾ സമയബന്ധിതവും കണക്കാക്കാൻ കഴിയുന്നതുമായ ഒരു ലക്ഷ്യം നിർണയിക്കാൻ പൊതുവിൽ ധാരണയിലെത്തി. ഇത് നൂറ്റാണ്ടിന്റെ വികസനലക്ഷ്യങ്ങൾ (Millennium Development Goals) (എം ഡി ജി) എന്നറിയപ്പെടുന്നു. ലോകത്തിന്റെ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങൾ അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തന്നെ സാമൂഹികപ്രശ്നങ്ങളിലുള്ള നരവംശശാസ്ത്ര സമീപനവും പുനരാലോചിക്കേണ്ടതുണ്ട്. ഇവിടെ വികസനനരവംശശാസ്ത്രം അതിന്റെ പരമ്പരാഗതമായ സമീപനങ്ങളിൽനിന്നു എങ്ങനെ പുതിയൊരു വിമർശനാത്മകസമീപനമായി മാറി എന്നു പരിശോധിക്കാം.



ചിത്രം 9.9 നൂറ്റാണ്ടിന്റെ വികസനലക്ഷ്യങ്ങളുടെ ചിഹ്നം

### പരമ്പരാഗതവും വിമർശനാത്മകവുമായ വികസനനരവംശശാസ്ത്രം

വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നവർക്ക് സാംസ്കാരികമായ വിവരങ്ങൾ നൽകി അവ മെച്ചപ്പെടുത്തുന്നതിൽ സഹായിക്കുക എന്നതായിരുന്നു പരമ്പരാഗത വികസനനരവംശശാസ്ത്രത്തിന്റെ (Traditional Development Anthropology) സമീപനം. ഇത് സാമ്പത്തികശാസ്ത്രജ്ഞർക്കും മറ്റുള്ളവർക്കും അവരുടെ പദ്ധതികൾ കൂടുതൽ ഫലപ്രദമാകുന്നതിനു സഹായകമായി. 'ഈ പദ്ധതി മെച്ചപ്പെടുത്തുന്നതിന് എനിക്കെന്ത് ചെയ്യാൻ കഴിയും?' എന്നതായിരുന്നു ഇതിലെ പ്രധാന ചോദ്യം.

പിന്നീട് എൺപതുകളുടെ അവസാനത്തിലും 1990 കളുടെ തുടക്കത്തിലും വികസന നരവംശശാസ്ത്രത്തിന്റെ സമീപനത്തിൽ ഒരു ദിശാമാറ്റമുണ്ടായി. അതിന്റെ പരമ്പരാഗതമായ പങ്ക് വിമർശനവിധേയമാക്കിക്കൊണ്ട് ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ലോകത്തിനനുയോജ്യമായ രീതിയിൽ പുനർനിർവചിച്ചു. ഈ പുതിയ കാഴ്ചപ്പാട് വിമർശനാത്മക വികസനനരവംശശാസ്ത്രം (Critical Development Anthropology) എന്ന പേരിൽ പരിവർത്തനാത്മക മാതൃകയിലേക്ക് മാറിവന്നു. അന്താരാഷ്ട്ര വികസനകാര്യത്തിൽ നരവംശശാസ്ത്രജ്ഞർ വിമർശനാത്മകചിന്ത വച്ചുപുലർത്തുന്ന സമീപനമാണിത്. വികസനനയങ്ങളും പദ്ധതികളും എന്തിനാണെന്നും ആരുടെ ഗുണത്തിനാണെന്നും അത് ചോദിച്ചുകൊണ്ടിരിക്കുന്നു. ഗുണപ്രദമെന്നു കരുതി നടപ്പിലാക്കപ്പെടുന്ന പല വികസനപദ്ധതികൾക്കും സമൂഹത്തിൽ പ്രതികൂലമായ പ്രത്യാഘാതങ്ങളുണ്ടാകുന്നു എന്ന തിരിച്ചറിവിൽനിന്നാണ് ഈ കാഴ്ചപ്പാട് രൂപപ്പെട്ടത്. 'ലക്ഷ്യമിടുന്ന ജനങ്ങളുടെ കാഴ്ചപ്പാടിൽ ഇത് ഗുണപ്രദമായ പദ്ധതിയാണോ' എന്നതാണ് ഇവിടെ ഉയർന്നുവരുന്ന ചോദ്യം.



യു.എൻ.ഒ.യുടെ പോർട്ടലിൽനിന്ന് നൂറ്റാണ്ടിന്റെ വികസനലക്ഷ്യങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

നരവംശശാസ്ത്രം മനുഷ്യന്റെ സമഗ്ര, താരതമ്യ, ഉദ്ഗ്രഥിത പഠനമായതുകൊണ്ട് മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും കണക്കിലെടുക്കുന്ന തിന് അത് വിപുലമായ അവസരം നൽകുന്നു. അതിനാൽ ഒരു നരവംശശാസ്ത്രജ്ഞന് നിഷ്ക്രിയനാവാൻ

കഴിയില്ല. മറിച്ച്, ഈ മേഖലകളിലെല്ലാമു ള്ള നരവംശശാസ്ത്രജ്ഞന്റെ ക്രിയാത്മക ഇടപെടൽ കാലത്തിന്റെ ആവശ്യവുമാണ്. നരവംശശാസ്ത്രം തീർത്തും ഒരു ജനപക്ഷ ശാസ്ത്രമാവുന്നതിന് അത് ജനങ്ങളിൽ നിന്നു മാറിനിൽക്കാതെ ഇന്നത്തെ സാമൂഹികജീവിതത്തിലും മനുഷ്യപ്രശ്നങ്ങളിലും ഇടപെടേണ്ടതുണ്ട്. അതിനാൽ വ്യാപൃതനരവംശശാസ്ത്രം (Engaging Anthropology) പ്രയുക്ത നരവംശശാസ്ത്രത്തിന്റെ ഒരു പ്രസക്ത മേഖലയാവുന്നു. നരവംശശാസ്ത്ര ഇടപെടൽ തീർച്ചയായും പ്രകൃതിവിഭവങ്ങളുടെ നിലനിൽപ്പിനെ പരിഗണിക്കുന്നതായിരിക്കണം. നരവംശശാസ്ത്ര വിദ്യാർഥി എന്ന നിലയിൽ നമ്മെളെല്ലാം മനുഷ്യസമുദായത്തിന്റെ സംസ്കാരാന്തര (Cross cultural) ധാരണ വച്ചുപുലർത്തുന്ന സജീവ സാമൂഹിക പ്രവർത്തകരാവുമെന്ന് പ്രതീക്ഷിക്കുന്നു.

> ദാരിദ്ര്യം, അഴിമതി എന്നിങ്ങനെ ധാരാളം സാമൂഹ്യപ്രശ്നങ്ങളുണ്ട്. ഞാൻ ഇതിനോട് ഉദാസീനസമീപനം സ്വീകരിക്കാമോ? എന്നെപോലെയൊരു നരവംശശാസ്ത്രവിദ്യാർത്ഥി ഇങ്ങനെ പ്രതികരിച്ചാൽ മറ്റുള്ളവരുടെ സ്ഥിതി യെന്താണ്?

## സംഗ്രഹം

- നരവംശശാസ്ത്രത്തിന്റെ കാഴ്ചപ്പാടുകൾ, സിദ്ധാന്തങ്ങൾ, രീതികൾ, ദത്തം എന്നിവ സാമൂഹികപ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും വിലയിരുത്തുന്നതിനും ഉപയോഗിക്കുന്ന രീതിയാണ് പ്രയുക്തനരവംശശാസ്ത്രം. പ്രയുക്തനരവംശശാസ്ത്രജ്ഞർ നരവംശശാസ്ത്രത്തിന്റെ നാലു മേഖലകളെയും-ജൈവനരവംശശാസ്ത്രം, പുരാവസ്തുനരവംശശാസ്ത്രം, ഭാഷാനരവംശശാസ്ത്രം, സാംസ്കാരിക നരവംശശാസ്ത്രം എന്നിവയെ പ്രതിനിധാനം ചെയ്യുന്നു.
- സാമുഹിക വികസനപദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ടതാണ് വികസനനരവംശശാസ്ത്രം. നരവംശശാസ്ത്രത്തിന്റെ ഈ ശാഖ സാമൂഹിക പ്രശ്നങ്ങളിലും സാമ്പത്തികവികസനത്തിന്റെ സാംസ്കാരികതലങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
- പ്രവർത്തനനരവംശശാസ്ത്രം എന്ന ആശയം രൂപീകരിച്ചത് സോൾ ടാക്സ് ആണ്. ഈ ആശയപ്രകാരം പ്രയുക്തനരവംശശാസ്ത്രജ്ഞർ സാമൂഹികമാറ്റത്തിനായി പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുന്നു.
- മുൻകാലങ്ങളിൽ ആദിവാസിവികസനം തീർത്തും ഒരു രാഷ്ട്രീയവ്യവഹാരമായാണ് കണ്ടിരുന്നത്. എന്നാൽ ആദിവാസിവികസനത്തെ അഭിസംബോധനചെയ്യുന്നതിന് നാല് പ്രധാന സമീപനങ്ങൾ രൂപപ്പെട്ടുവന്നു. ഇതിൽ സാമൂഹികസേവനസമീപനം, രാഷ്ട്രീയസമീപനം, മതപരമായ അല്ലെങ്കിൽ മിഷനറിസമീപനം, നരവംശശാസ്ത്ര സമീപനം എന്നിവ ഉൾക്കൊള്ളുന്നു.
- നെഹ്റുവിന് ആദിവാസിസംസ്കാരത്തെക്കുറിച്ചും അവരുടെ നാട്ടുപഴമയെക്കുറിച്ചും വലിയ മതിപ്പായിരുന്നു. ആദിവാസിവികസനത്തിൽ അദ്ദേഹത്തിന്റെ സമീപനം അഞ്ച് തത്ത്വങ്ങളായി (ആദിവാസി പഞ്ചശീലം) വിശദീകരിക്കുന്നു. ഇത് വെരിയർ

എൽവിന്റെ 'ഫിലോസഫി ഫോർ നേഫ' എന്ന പുസ്തകത്തിന്റെ മുഖവുരയിലാണ് കൊടുത്തിരിക്കുന്നത്.

- നമ്മൾ ലക്ഷ്യമിടുന്നതോ നടപ്പിലാക്കുന്നതോ ആയ വികസനം ഭാവിതലമുറയ്ക്കും കൂടി പ്രയോജനമാകുന്ന നിലയിൽ നിലനിൽക്കണം എന്നതാണ് സുസ്ഥിര വികസനത്തിന്റെ കാഴ്ചപ്പാട്.
- ജനങ്ങൾക്ക് അവരുടെ പൂർണ കഴിവ് വികസിപ്പിച്ച് ക്രിയാത്മകജീവിതം നയിക്കാനുള്ള സാഹചര്യമൊരുക്കലാണ് മാനവികവികസനം. ഇത് അവരുടെ ആവശ്യങ്ങൾക്കും താൽപ്പര്യങ്ങൾക്കും അനുസൃതമായിരിക്കണം. ജനങ്ങളുടെ അവസരങ്ങൾ വർധിപ്പിക്കുന്ന പ്രക്രിയയാണ് മാനവികവികസനം. മാനവിക വികസനം, സുസ്ഥിരവികസനം എന്നീ ആശയങ്ങൾ യോജിപ്പിച്ചാണ് സുസ്ഥിര മാനവികവികസനം എന്ന ആശയം രൂപപ്പെടുത്തിയത്.
- മനുഷ്യശേഷിവികസനത്തിന്റെ സൂചകമായാണ് മാനവവികസനസൂചികയെ കണക്കാക്കുന്നത്. വികസനത്തിന്റെ മൂന്ന് മേഖലകളിലുള്ള ശരാശരി നേട്ടത്തെ അളക്കാനുള്ള സംയോജിതസൂചാകളാണിത്. ഇതിൽ ദീർഘായുസ്സുള്ളതും ആരോഗ്യ പ്രദവുമായ ജീവിതം, അറിവ്, മാന്യമായ ജീവിതനിലവാരം എന്നിവ ഉൾക്കൊള്ളുന്നു.
- അടിസ്ഥാനപരമായ ഉപഭോഗാവശ്യങ്ങൾ നേടിയെടുക്കാനുള്ള കഴിവില്ലായ്മയാണ് ദാരിദ്ര്യം. കഷ്ടപ്പാടുകളിൽനിന്ന് മുക്തിനേടാനുള്ള എല്ലാ പ്രതീക്ഷയും നഷ്ടമാകുമ്പോൾ ദാരിദ്ര്യം തന്നെ ഒരു ജീവിതശൈലിയായി ജനങ്ങൾ സ്വീകരിക്കുന്ന അവസ്ഥയാണ് ദാരിദ്ര്യത്തിന്റെ സംസ്കാരം.
- വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ വികസനനരവംശശാസ്ത്രം അതിന്റെ സമീപനത്തിൽ ഒരു ഗതിമാറ്റം വരുത്തുകയുണ്ടായി. പരമ്പരാഗത രീതിയെ വിമർശിച്ചുകൊണ്ട് അതിന്റെ പങ്കിനെ പുനർനിർവചിച്ചു. ഈ പുതിയ കാഴ്ചപ്പാട് വിമർശനാത്മക വികസന നരവംശശാസ്ത്രം എന്ന പേരിൽ ഒരു പരിവർത്തനാത്മക സമീപനം സ്വീകരിച്ചു.
- നരവംശശാസ്ത്രത്തിന്റെ പ്രവൃത്തികളിൽപ്പെട്ട ഒരു പ്രധാന മേഖലയാണ് പ്രയുക്തനരവംശശാസ്ത്രം. തീർച്ചയായും, പ്രകൃതിവിഭവങ്ങളുടെ നിലനിൽപ്പ് ഉറപ്പുവരുത്താനും പാരിസ്ഥിതികപ്രശ്നങ്ങൾ ചർച്ചചെയ്യാനും ഇതു സഹായകമാകും.

## ടേം മൂല്യനിർണയ ഉപാധികൾ

1. കൂട്ടത്തിൽ പെടാത്തവ കണ്ടെത്തി ന്യായീകരിക്കുക.

   എ) ട്രൈബൽ പഞ്ചശീൽ, ജവഹർലാൽ നെഹ്റു, ഫിലോസഫി ഫോർ നേഫ, സംയോജനം.

   ബി) സംയോജനം, ഉദ്ഗ്രഥനം, അന്യസംസ്കാരസ്വാംശീകരണം, ഒറ്റപ്പെടൽ

2. ജോടി കണ്ടെത്തുക.

   എ) മതംമാറ്റം: മിഷണറിസമീപനം, ആദിവാസിപ്രശ്നങ്ങൾക്ക് മുൻകൂട്ടി തയാറാക്കിയിരിക്കുന്ന പരിഹാരം

3. താഴെ പറയുന്നവയിൽ നെഹ്രുവിന്റെ ആദിവാസി പഞ്ചശീലിൽ ഉൾപ്പെടുന്ന തേതെല്ലാം?
   - എ. വനത്തിലുള്ള ആദിവാസികളുടെ അവകാശം സംരക്ഷിക്കണം.
   - ബി. ആദിവാസികളെ അവരുടെ ജന്മസിദ്ധമായ പ്രതിഭയുടെയടിസ്ഥാനത്തിൽ വികസിപ്പിക്കണം.
   - സി. ആദിവാസിജനങ്ങളെ മുഖ്യധാരയുമായി സംയോയോജിപ്പിക്കണം.
   - ഡി. ബഹുവിധ പദ്ധതികൾകൊണ്ട് ആദിവാസിമേഖലയെ വീർപ്പുമുട്ടിക്കരുത്.

     1. എ, ബി എന്നിവ. 2. എ, ബി, സി, ഡി എന്നിവ.
     3. എ, ബി, ഡി എന്നിവ. 4. ബി, സി, ഡി, എന്നിവ.
4. ആദിവാസിവികസനത്തിന്റെ വ്യത്യസ്ത സമീപനങ്ങൾ വിശദമാക്കുക. ഇതിൽ ഏറ്റവും അനുയോജ്യമായത് ഏതെന്ന് പരിശോധിക്കുക.
5. ആധുനികലോകത്തിൽ വിമർശനാത്മക നരവംശശാസ്ത്രത്തിന്റെ പ്രസക്തി പരിശോധിക്കുക.
6. നൂറ്റാണ്ടിന്റെ വികസനലക്ഷ്യങ്ങളെ കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
7. പ്രയുക്തനരവംശശാസ്ത്രം, വികസനനരവംശശാസ്ത്രം, പ്രവർത്തന നരവംശശാസ്ത്രം, നരവംശശാസ്ത്രപ്രയോജനം എന്നീ ആശയങ്ങളുടെ അർഥം വിശദമാക്കുക.
8. വികസനനിരക്ക് നിർണയിക്കുന്നതിൽ മാനവികവികസനസൂചികയുടെ (എച്ച്.ഡി.ഐ) പ്രസക്തി പരിശോധിക്കുക.
9. നെഹ്രുവിന്റെ ആദിവാസി പഞ്ചശീൽ എങ്ങനെയാണ് നരവംശശാസ്ത്ര സമീപനത്തിന്റെ അന്തസ്സത്ത പ്രതിഫലിപ്പിക്കുന്നത് എന്നു വിശകലനം ചെയ്യുക.
10. ഗ്രാമവികസനത്തിന്റെ പ്രസക്തമേഖലകൾ വിശദമാക്കുക.
11. എങ്ങനെയാണ് വികസനനരവംശശാസ്ത്രം പ്രയുക്തനരവംശശാസ്ത്രത്തിൽ നിന്നു വ്യത്യസ്തമാവുന്നത് എന്നു പരിശോധിക്കുക.
12. പ്രയുക്തനരവംശശാസ്ത്രം, പ്രവർത്തനനരവംശശാസ്ത്രം എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയുക.
13. പ്രയുക്തനരവംശശാസ്ത്രത്തിന്റെ വിവിധ മേഖലകൾ പരിശോധിക്കുക.
14. ജോടി കണ്ടെത്തുക.
   - എ) ഡി ജി ബ്രിന്റൺ : പ്രയുക്തനരവംശശാസ്ത്രം, സോൾ ടാക്സ്: ............
   - ബി) ഭരണഘടനാപരമായ സംരക്ഷണം: രാഷ്ട്രീയസമീപനം, സർക്കാരിതര സംഘടനകളുടെ പ്രവർത്തനം:...........
   - സി) വെരിയർ എൽവിൻ : ഒറ്റപ്പെടുത്തൽനയം, എ വി താക്കർ: ..................

15. താഴെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും അനുയോജ്യമായ ആദിവാസിവികസന സമീപനം കണ്ടെത്തുക.

    എ) രാഷ്ട്രീയസമീപനം ബി) സാമൂഹികസേവന സമീപനം

    സി) നരവംശശാസ്ത്രസമീപനം ഡി) മിഷണറിസമീപനം.

16. ഫിലോസഫി ഫോർ നേഫ എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?

17. നെഹ്രുവിന്റെ ആദിവാസിവികസനസമീപനം താഴെ കൊടുത്തവയിലേതായി കണക്കാക്കാം?

    എ) സാമൂഹികസേവനസമീപനം ബി) നരവംശശാസ്ത്രസമീപനം

    സി) മിഷണറി സമീപനം ഡി) രാഷ്ട്രീയസമീപനം.

18. വിപുലീകരിക്കുക.

    എ) എച്ച്.ഡി.ആർ.

    ബി) എച്ച്.ഡി.ഐ.

    സി) യു.എൻ.ഡി.പി.

19. വികസനം, സുസ്ഥിരവികസനം എന്നിവ തമ്മിലുള്ള വ്യത്യാസമെഴുതുക.

20. മാനവിക വികസനസൂചികയുടെ ഒരു ചാർട്ട് വരയ്ക്കുക.

21. പരമ്പരാഗത നരവംശശാസ്ത്രം, വിമർശനാത്മക വികസന നരവംശശാസ്ത്രത്തിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

## സാങ്കേതികപദങ്ങൾ

പ്രയുക്തനരവംശശാസ്ത്രം : നരവംശശാസ്ത്ര ദത്തങ്ങൾ, കാഴ്ചപ്പാട്, സിദ്ധാന്തം, രീതികൾ എന്നിവ സമകാലിക സാമൂഹികപ്രശ്നങ്ങൾ വിലയിരുത്താനും പരിഹരിക്കാനും പ്രയോഗിക്കൽ.

മാനവവികസനസൂചിക : ദീർഘവും ആരോഗ്യകരവുമായ ജീവിതം, അറിവ്, മാന്യവും ആരോഗ്യകരവുമായ ജീവിതം എന്നീ മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപരമായ മൂന്ന് മേഖലകളിലെ ശരാശരി നേട്ടം അളക്കാനുള്ള സംയോജിത സൂചിക.

പങ്കാളിത്തനരവംശശാസ്ത്രം നരവംശശാസ്ത്രത്തെ പ്രയോജനപ്പെടുത്തൽ, സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ സമകാലികവും പ്രസക്തവുമായ പ്രശ്നങ്ങളിലും പങ്കുചേരുന്നതിനെ കേന്ദ്രീകരിച്ചിരിക്കുന്ന നരവംശശാസ്ത്രത്തിന്റെ ശാഖ.

| | | |
|---|---|---|
| വികസനനരവംശശാസ്ത്രം | : | സാമ്പത്തികവികസനത്തിന്റെ സാമൂഹികപ്രശ്നങ്ങളിലും സാംസ്കാരികതലങ്ങളിലും കേന്ദ്രീകരിച്ചിരിക്കുന്ന നരവംശശാസ്ത്ര ശാഖ. |
| അനുരൂപീകരണം | : | പാരിസ്ഥിതിക സമ്മർദ്ദവുമായി പൊരുത്തപ്പെട്ടുപോകാനുള്ള ജീവിവർഗങ്ങളുടെ കഴിവ്. |
| സാംസ്കാരിക ആഗിരണം | : | ഒരു ന്യൂനപക്ഷസംസ്കാരം അതിന്റെ സവിശേഷ തകൾ നഷ്ടപ്പെടുത്തിക്കൊണ്ട് മറ്റൊരു ഭൂരിപക്ഷ സംസ്കാരത്തിന്റെ ഭാഗമായി മാറുന്ന പ്രക്രിയ. |
| ട്രൈബൽ പഞ്ചശീൽ | : | ആദിവാസിവികസനവുമായി ബന്ധപ്പെട്ട നെഹ്രുവിന്റെ അഞ്ചു തത്ത്വങ്ങൾ. |
| ഒറ്റപ്പെടുത്തൽ | : | ആദിവാസികളെ മുഖ്യധാരയിൽനിന്ന് മാറ്റി നിർത്തേണ്ടതാണെന്ന നയം. |
| ഉദ്ഗ്രഥനം | : | ആദിവാസികളെ മറ്റു സമൂഹങ്ങളിൽനിന്ന് ഒരേ സമയം പരിമിതമായ അളവിൽ ഒറ്റപ്പെടുത്തിയും സംയോജിപ്പിച്ചും നിർത്തുന്ന നയവും പ്രക്രിയയും. |
| പരമ്പരാഗത വികസന നരവംശശാസ്ത്രം | : | പരമ്പരാഗതമായ രീതിയിൽ സഹായം നൽകുക മാത്രം ചെയ്താൽ മതിയെന്ന വികസനനരവംശശാസ്ത്ര സമീപനം. |
| വിമർശനാത്മക വികസന നരവംശശാസ്ത്രം | : | വിമർശനാത്മകചിന്താരീതിയിൽ വികസനപ്രക്രിയ കളെ വിലയിരുത്തുന്ന സമീപനം. |

## റഫറൻസ്

ജെയ്ൻ, മിനു.2011. റൂറൽ ഡെവലപ്മെന്റ് പ്രോഗ്രാംസ് ഇൻ ഇന്ത്യ.

വിദ്യാർഥി, എൽ. പി. 2003. അപ്ലൈഡ് ആന്ത്രോപോളജി ഇൻ ഇന്ത്യ. (2003)

പ്രസാദ്, ഗൗരി ശങ്കർ, ഹൃതേഷ് കെ.സിങ്. 2012. എൻസൈക്ലോപീഡിയ ഓഫ് ആന്ത്രപോളജി.

ഉപാധ്യായ, വി.എസ്., ഗയ പാണ്ടെ. ഹിസ്റ്ററി ഓഫ് ആന്ത്രോപോളജിക്കൽ തോട്ട്.